# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ.-10/874/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 19/11/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാന്തൻപാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ.-10/874/2021 തീയ്യതി: 19/11/2021

## ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-06-2019 മുതൽ 12-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി.ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 20-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 20-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സണ്ണി എം.യു. ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി. ഇ.വി. അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. മേജോ കെ. ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സരസ്വതി ശെൽവം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണനിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീ. ടി.ജെ.ഷൈൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ബാബു സുരേഷ് എ.വി. | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീ. ഗോപാലകൃഷ്ണ പിള്ള കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2021 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദുൾ സമദ് പി.എസ്. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.സബീന സി.പി | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2020 | 04-08-2020 |
| ഡോ. ഹരികൃഷ്ണ ആർ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 05-08-2020 | 28-10-2020 |
| ഡോ.അതുല്യ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 29-10-2020 | 31-03-2021 |
| ഡോ.നീതു ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 16-08-2020 |
| ഡോ.അനുപമ എസ്.എസ് | വെറ്ററിനറി സർജൻ | 17-08-2020 | 05-01-2021 |
| ഡോ.ആദർശ് ചന്ദ്രൻ | വെറ്ററിനറി സർജൻ | 06-01-2021 | 31-03-2021 |
| ഡോ.സിംല കെ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 15-11-2020 |
| ഡോ.രമ്യ എൻ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-11-2020 | 31-03-2021 |
| ശ്രീമതി അശ്വതി ടി.എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആൻസി മറിയം പോൾ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ശ്രീ രാജേഷ് കുമാർ കെ.വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ സുജിത് പി രാഘവൻ | ക്ഷീര വികസന ഓഫിസർ | 01-04-2020 | 04-06-2020 |
| ശ്രീ ഷിഹാബുദ്ദീൻ ടി.എസ് | ക്ഷീര വികസന ഓഫിസർ | 05-06-2020 | 23-06-2020 |
| ശ്രീ സാബു എം.എസ് | ക്ഷീര വികസന ഓഫിസർ | 24-06-2020 | 24-02-2021 |
| ശ്രീമതി റിനു തോമസ് | ക്ഷീര വികസന ഓഫിസർ | 25-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-1 |
| 2 | ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-1-1 |
| 3 | മാനദണ്ഡങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് തയ്യാറാക്കി<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-1-2 |
| 4 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം - ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-2 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-3 |
| 7 | പട്ടികവർഗ്ഗ ഉപപദ്ധതി വികസന ഫണ്ട് ചെലവ് 65 ശതമാനം മാത്രം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-3-1 |
| 8 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-3-2 |
| 9 | പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 1-3-3 |
| 10 | പദ്ധതി അവലോകനം<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.U.Sunny (Audit Officer, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-11-2021) | 1-5 |
| 12 | ക്ഷേമപദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 17-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 05-11-2021) | 1-6 |
| 13 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-8 |
| 15 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-9 |
| 16 | രജിസ്റ്ററുകളുടെ പരിപാലനം<br>Written By: Majo K George (Senior Grade Auditor, On 21-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-10 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 21-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-10-1 |
| 18 | സ്റ്റോക്ക് രജിസ്റ്റർ<br>Written By: Majo K George (Senior Grade Auditor, On 21-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-10-2 |
| 19 | വസ്തുനികുതി ഡി.സി.ബി-വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം<br>Written By: Majo K George (Senior Grade Auditor, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-11-2021) | 1-11 |
| 20 | മാന്വൽ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: DENNIS JOSEPH (Auditor, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-12 |
| 21 | ഫ്ലോർ സ്പേസ് ഇൻഡക്സ് പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയില്ല - ഗ്രാമ പഞ്ചായത്തിന് ₹8,09,200/- നഷ്ടം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-13 |

| | | |
|---|---|---|
| 22 | ദിവസ കളക്ഷൻ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 15-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 1-14 |
| 23 | കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിച്ചു - നിരത ദ്രവ്യം തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-15 |
| 24 | വിവിധ കുടിവെള്ള പദ്ധതികൾ-പുതിയ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി നീക്കം ചെയ്തതും കേടുപാടുകൾ സംഭവിച്ചതുമായ ജി.ഐ പൈപ്പുകൾ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-16 |
| 25 | പുനരുപയോഗ/പഞ്ചായത്തിന് കൈമാറിയ വിവരങ്ങളില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-17 |
| 26 | ലൈഫ് ഭവന പദ്ധതി - സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ<br>Written By: Jomon Francis (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-18 |
| 27 | കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റ പണി- കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-19 |
| 28 | ആയുർവേദ ഔഷധങ്ങൾ വാങ്ങൽ - ഔഷധിയേക്കാൾ വേഗത്തിലും, വിലക്കുറവിലും പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നു<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 1-20 |
| 29 | പൂരകപോഷകാഹാര പദ്ധതികൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല- ₹2854021/- തടസ്സപ്പെടുത്തുന്നു<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-21 |
| 30 | തൊണ്ടിമല കുട്ടിയമ്മൻചോല കുഴൽകിണർ &ടാങ്ക് നിർമ്മാണം-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-22 |
| 31 | ഗ്രാമ പഞ്ചായത്ത് ഊട്ടുപുര വികസനം-ആകെ പ്രവൃത്തിമൂല്യം കോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-23 |
| 32 | കാലി വീപ്പയുടെ വില ഈടാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-24 |
| 33 | പൂപ്പാറ പഞ്ചായത്ത് എൽ.പി സ്കൂൾ കെട്ടിട നിർമ്മാണം-ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 09-11-2021) | 1-25 |
| 34 | കൺവീനർമാർക്ക് 12% ജി.എസ്.ടി വിഹിതം അധികമനുവദിച്ചു<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-26 |
| 35 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ - നഷ്ടം ₹13969/-<br>Written By: E.V.Gibi (Asst. Audit Officer, On 19-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-27 |
| 36 | സർക്കാർ നിർദ്ദേശം പാലിക്കാതെ നേരിട്ട് വാങ്ങൽ നടത്തിയിരിക്കുന്നു<br>Written By: E.V.Gibi (Asst. Audit Officer, On 19-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-28 |
| 37 | വിതരണം ചെയ്യുന്ന ജൈവവളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല<br>Written By: E.V.Gibi (Asst. Audit Officer, On 19-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-29 |
| 38 | പി.എച്ച്.സി ഓഫീസിൽ ഇൻവെർട്ടർ സ്ഥാപിക്കൽ - അളവുബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള ഇൻവെർട്ടർ സ്ഥാപിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-30 |
| 39 | | 1-31 |

| | | |
|---|---|---|
| | അലോപ്പതി മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | |
| 40 | ഒ.ഡി.എഫ് - ടോയ്ലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 17-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 1-32 |
| 41 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 1-33 |
| **ഭാഗം 2** | | |
| 1 | FSI പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് ₹8,09,200/-യുടെ നഷ്ടം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 2-1 |
| **ഭാഗം 3** | | |
| 1 | കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റ പണി- കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 3-1 |
| 2 | ഗ്രാമ പഞ്ചായത്ത് ഊട്ടുപുര വികസനം-ആകെ പ്രവൃത്തിമൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 3-2 |
| 3 | പൂപ്പാറ പഞ്ചായത്ത് എൽ.പി സ്കൂൾ നിർമ്മാണം-ഓവർഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 3-3 |
| 4 | കാലി വീപ്പയുടെ വില ഈടാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 18-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 3-4 |
| 5 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകത-നഷ്ടം ₹13969/-<br>Written By: E.V.Gibi (Asst. Audit Officer, On 19-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 18-11-2021) | 3-5 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Majo K George (Senior Grade Auditor, On 16-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.U.Sunny (Audit Officer, On 21-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: M.U.Sunny (Audit Officer, On 21-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 11-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.U.Sunny (Audit Officer, On 20-09-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 19-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.U.Sunny (Audit Officer, On 21-09-2021) | 4-11 |

| | |
|---|---|
| | Last Updated By: L.K.Sujatha (Computer Assistant, On 16-11-2021) |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

26.03.2020-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹35962629/- മുന്നിരിപ്പും ₹268715000/- വരവും ₹302129000/- ചെലവും ₹2548629/- മിച്ചവും വരുന്ന 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 25.03.2020-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

### 1-1-2 മാനദണ്ഡങ്ങൾ പാലിക്കാതെ പുതുക്കിയ ബജറ്റ് തയ്യാറാക്കി

16.02.2021-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹35962629/- മുന്നിരിപ്പും ₹268715000/- വരവും ₹301729000/- ചെലവും ₹2948629/- മിച്ചവും വരുന്ന 2020-21 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് 3-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.01.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21-ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

### 1-1-3 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം - ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരുമാനം | 5000000 | 4058793 | 941207 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | എ | വസ്തുനികുതി | 4000000 | 3255483 | 744517 |
| | ബി | തൊഴിൽ നികുതി | 1000000 | 803310 | 196690 |
| 2 | | നികുതിയിതര വരുമാനം | 9663000 | 3379376 | 6283624 |
| | എ | വാടക കെട്ടിടങ്ങൾ | 2000000 | 1276900 | 723100 |
| | ബി | വാടക-ഓഡിറ്റോറിയം | 600000 | 57600 | 542400 |
| | സി | ലൈസൻസ് | 600000 | 50400 | 549600 |
| | ഡി | സ്ഥിരനിക്ഷേപ പലിശ | 50000 | 0 | 50000 |
| | ഇ | പലിശ | 500000 | 973810 | -473810 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 8283000 | 8501976 | -218976 |
| 4 | | വികസന ഫണ്ട് | 61562000 | 53861211 | 7700789 |
| 5 | | സംരക്ഷണ ഗ്രാന്റ് | 0 | 20219000 | -20219000 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 20500000 | 10033345 | 10466655 |
| 7 | | ഭരണ ചെലവുകൾ | 9300000 | 1527878 | 7772122 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 19500000 | 4379826 | 15120174 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 12400000 | 8922076 | 3477924 |
| 10 | | പ്ലാൻ-സേവന മേഖല | 117850000 | 19407849 | 98442151 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 7500000 | 5865498 | 1634502 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 1950000 | 1714941 | 235059 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 8500000 | 17670774 | -9170774 |

(അവലംബം-2020-21 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ, ബജറ്റ് അലോക്കേഷൻ ഉത്തരവുകൾ)

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-2 വാർഷിക ധനകാര്യപത്രിക**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 21.04.2021 | - | - |

**1-3 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18806625 | 18806625 | 18779574 | 27051 | |
| വികസനഫണ്ട് (SCP) | 0 | 10286680 | 10286680 | 9435245 | 851435 | |
| വികസനഫണ്ട് (TSP) | 0 | 874000 | 874000 | 570540 | 303460 | |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7320000 | 7320000 | 2599985 | 4720015 | |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7320000 | 7320000 | 2587785 | 4732215 | |

| | | | | | | |
|---|---|---|---|---|---|---|
| 14 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9253906 | 9253906 | 9253906 | 0 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 15095000 | 15095000 | 15095000 | 0 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5124000 | 5124000 | 5051880 | 72120 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | | | | | | |
| ഒ.ഡി.എഫ് | 9000 | 0 | 9000 | 9000 | 0 | |
| ഐ.സി.ഡി.എസ് | 368878 | 894665 | 1263543 | 987392 | 276151 | |
| ഐ.സി.ഡി.എസ്-നെയിം ബോർഡ് | 0 | 72000 | 72000 | 72000 | 0 | |
| സമ്പൂർണ്ണ ശുചിത്വം | 202400 | | 202400 | 0 | 202400 | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | | | | | | |
| ആയുർവ്വേദ വകുപ്പ് | 254000 | 0 | 254000 | 253127 | 873 | |
| ശുചിത്വമിഷൻ* | 822728 | 1564968 | 2387696 | 203729 | 2183967 | |
| എസ്.ടി കോർപ്പസ് ഫണ്ട്-കുടിവെള്ളപദ്ധതി | 1850000 | 0 | 1850000 | 1798899 | 51101 | |

* പലിശ ₹26066/- ഉൾപ്പടെ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ് ) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | ജവഹർ ലോൺ | വോട്ടിംഗ് മെഷീൻ | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 16717000 | 2089625 | 2108392 | 1182600 | 0 | 0 | 15515633 |
| വികസനഫണ്ട് (SCP) | 9112000 | 1174680 | 2884431 | 0 | 0 | 0 | 7402249 |
| വികസനഫണ്ട് (TSP) | 874000 | 0 | 87921 | 0 | 0 | 0 | 786079 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5124000 | 0 | 0 | 0 | 0 | 51826 | 5072174 |

പൊതു വിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടക പദ്ധതി വികസന ഫണ്ട്, റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റുകൾ എന്നിവയിൽ ലഭ്യമായ തുകയിൽ 90 ശതമാനത്തിലധികം ചെലവഴിക്കുവാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.

### 1-3-1 പട്ടികവർഗ്ഗ ഉപപദ്ധതി വികസന ഫണ്ട് ചെലവ് 65 ശതമാനം മാത്രം

പട്ടികവർഗ്ഗ ഉപപദ്ധതി വികസന ഫണ്ട് വിഹിതമായ ₹874000/-ൽ 2019-20-ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ചെലവഴിച്ച ₹188143/- ഉൾപ്പടെ 2020-21 സാമ്പത്തിക വർഷം ₹570540/- ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകൾക്കായി ₹382397/- ആണ് ചെലവഴിച്ചിട്ടുള്ളത്. 15.07.2021-ലെ സ.ഉ(കൈ) നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ.

2020-21 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 65 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹128660/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2021-22 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 874000 | 570540 | 303460 | 65.28 | 174800 | 128660 |

### 1-3-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1. വിവിധ ഗ്രാന്റുകളുടെ ബജറ്റ് അലോക്കേഷൻ, വരവ് വിവരങ്ങൾ തെറ്റായി ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ഗ്രാന്റുകളുടെ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള തുക തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത ഗ്രാന്റുകളുടെ വരവ് ചെലവുകൾ ഗ്രാന്റ്/ഇനം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

### 1-3-3 പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ

നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1 | 320100115 | 202,400.00 |
| 2 | 320100116 | 414,659.00 |
| 3 | 320200322 | 35,750.00 |
| 4 | 320200317 | 617,175.00 |
| 5 | 320800199 | 25,000.00 |

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാതെ അശേഷിക്കുന്ന തുക/വിനിയോഗ ശേഷം മിച്ചമുള്ള തുകകൾ, ഫണ്ട് അനുവദിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾക്ക് തിരികെ ഒടുക്കേണ്ടതോ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കേണ്ടതോ ആണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ (അ) 7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന., 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 147634844 | 178 | 77667114 | 42 | 0 | 80.91 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പരിവർത്തനം ചെയ്യണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ

പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള കമ്മിറ്റികൾ പദ്ധതി പുരോഗതി നിരീക്ഷിക്കുന്നതിൽ ക്രിയാത്മകമായി ഇടപെട്ടിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്. വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 36 പ്രോജക്ടുകൾ ഒഴിവാക്കുകയും 101 പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയും 36 പ്രോജക്ടുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2020 മാർച്ചിൽ തന്നെ 2020-21 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 4373855 | 4353244 |
| വെറ്ററിനറി സർജൻ | 7 | 6 | 4793000 | 3092500 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 8 | 8 | 2282564 | 1831137 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 450000 | 450000 |
| ഫിഷറീസ് സബ് ഇൻപക്ടർ | 1 | 1 | 492000 | 44948 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 13 | 8 | 47178159 | 9581600 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 7 | 5915724 | 3649982 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 1800000 | 1096025 |
| സെക്രട്ടറി | 42 | 33 | 12940519 | 9782764 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 113 | 91 | 52490173 | 38626485 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 14918850 | 5158429 |
| ആകെ | 220 | 178 | 147634844 | 77667114 |

പൊതുവിഭാഗത്തിലെ പ്രോജക്ടുകളിൽ 81 ശതമാനവും പ്രത്യേകഘടകപദ്ധതിയിൽ 82 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 72 ശതമാനവും നടപ്പാക്കിയിട്ടുണ്ട്. ഉല്പാദനമേഖലയിൽ 95 ശതമാനം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. സേവനമേഖലയിലും പശ്ചാത്തല മേഖലയിലും യഥാക്രമം 76 ശതമാനവും 84 ശതമാനവും പ്രോജക്ടുളാണ് നടപ്പാക്കിയിട്ടുള്ളത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ്-ഭരണ ചെലവുകൾ | 2454 | 1482382 | 1484836 | 1483653 | 1183 |
| തൊഴിലാളികളുടെ കൂലി | 0 | 29632222 | 29632222 | 29632222 | 0 |
| മെറ്റീരിയൽ ചെലവ് | 0 | 3883930 | 3883930 | 3883930 | 0 |

## 1-6 ക്ഷേമപദ്ധതികൾ

2020-21 ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 38200 | 2 |
| വിധവാപെൻഷൻ | 11471600 | 795 |
| വാർദ്ധക്യകാലപെൻഷൻ | 17089900 | 1226 |
| വികലാംഗപെൻഷൻ | 2478200 | 168 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 46500 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2021-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹4447/-(നാലായിരത്തി നാന്നൂറ്റി നാൽപത്തിയേഴ് രൂപ മാത്രം) യുടെ നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ഓഫീസ് ഓർഡർ മുഖേന ഗ്രാമപഞ്ചായത്തുകളിലെ വിവിധ ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. കൂടാതെ, എല്ലാ ക്ലാർക്കുമാർക്കും വിവിധ വാർഡുകളുടെ ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ജോലി എല്ലാ മാസവും വിലയിരുത്തേണ്ടതാണ്. സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ബജറ്റ് തയ്യാറാക്കേണ്ടതാണ്. ബജറ്ററി കൺട്രോൾ പരിശോധിക്കാതെയാണ് പ്രതിമാസ വരവ്-ചെലവുകൾ നിലവിൽ അംഗീകരിക്കുന്നത്. പ്രതിമാസ വരവ്-ചെലവുകൾ ബജറ്റുമായി താരതമ്യം ചെയ്ത് മാത്രം അംഗീകാരം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ സ്റ്റോറുകൾ, ആസ്തികൾ തുടങ്ങിയവ കാലഹരണപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രജിസ്റ്ററുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**1-9 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല**

ജേർണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേർണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേർണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേർണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേർണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേർണൽ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേർണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

**1-10 രജിസ്റ്ററുകളുടെ പരിപാലനം**

ലോൺ രജിസ്റ്റർ, ഡി.സി.ബി. രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, മിനിട്സ് ബുക്കുകൾ, ടെണ്ടർ രജിസ്റ്റർ, സ്ഥിരനിക്ഷേപ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, റിക്കവറി രജിസ്റ്ററുകൾ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.

**1-10-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 09.07.2020-ലെ 8-4 തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ യഥാർത്ഥ അളവ് അടിയന്തിരമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും റോഡ് വർക്കുകൾക്കുള്ള ഭരണാനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കി ജൂലൈ 31-നകം കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ എൽ.എസ്.ജി.ഡി അസി.

എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ, ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ലായെന്നു കാണുന്നു.

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 09.07.2020-ലെ 8-4 തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ യഥാർത്ഥ അളവ് അടിയന്തിരമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും റോഡ് വർക്കുകൾക്കുള്ള ഭരണാനുമതി നൽകുന്നതിന് മുമ്പ് പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദേശിച്ചതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കി ജൂലൈ 31-നകം കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ എൽ.എസ്.ജി.ഡി അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ, ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. 20.01.2017-ലെ സ.ഉ(സാധ)166/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരമുള്ള ആസ്തി നിർമ്മാണ-സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടു പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനാൽ, വാർഷിക കണക്കുകളിൽ നൽകിയിരിക്കുന്ന ആസ്തികളുടെ മൂല്യം, ഡിപ്രിസിയേഷൻ നിർണ്ണയിക്കൽ എന്നിവ വ്യക്തമല്ല.

## 1-10-2 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഐ.ടി ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തുന്നില്ല.

## 1-11 വസ്തുനികുതി ഡി.സി.ബി-വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (ഗാർഹികം)-തൻവർഷം | 1195710 | 1023959 | 173298 | 1195710 | 1010111 | 184874 |
| വസ്തു നികുതി (ഗാർഹികം)-കുടിശിക | 118659 | 68236 | 39758 | 116422 | 63506 | 54733 |
| വസ്തു നികുതി (ഗാർഹികേതരം)-തൻവർഷം | 2059773 | 1860967 | 203127 | 2059773 | 1870322 | 192763 |
| വസ്തുനികുതി (ഗാർഹികേതരം)-കുടിശിക | 107368 | 76281 | 31088 | 108021 | 68886 | 39170 |

വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിനും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 മാന്വൽ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

മാന്വൽ രസീത് ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (രസീത് ബുക്ക് നം.53285).

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഫ്ലോർ സ്പേസ് ഇൻഡക്സ് പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയില്ല - ഗ്രാമ പഞ്ചായത്തിന് ₹8,09,200/- നഷ്ടം

2019 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27, പട്ടിക 6 പ്രകാരം കാറ്റഗറി 2 പഞ്ചായത്തുകളിൽ A2 ഒക്യുപ്പൻസിയിൽപ്പെട്ട കെട്ടിടങ്ങൾക്ക് അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന Floor Space Index (F.S.I) 1.5 ആണ്. F.S.I മൂല്യം 1.5 അധികരിക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ പെർമിറ്റ് ഫീസിനോട് കൂടെ അധികമുള്ള വിസ്തീർണ്ണത്തിന്മേൽ പട്ടിക 6 പ്രകാരം അധിക ഫീസ് (Rs5000/ M2) ഈടാക്കേണ്ടതാണ്. ശ്രീ. ജസ്റ്റിൻ റാഫേൽ (എം.ഡി ഇൻക്യൂർ ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്)ന് 02.06.2020-ലെ 02/2020-21 നമ്പർ പ്രകാരം ഗ്രൂപ്പ് A2 ഇനത്തിൽ പെർമിറ്റ് അനുവദിച്ചപ്പോൾ പെർമിറ്റ് ഫീസിനോട് കൂടെ അധികമുള്ള വിസ്തീർണ്ണത്തിന്മേൽ അധിക ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് ₹8,09,200/- രൂപയുടെ നഷ്ടമുണ്ടായി.

ആകെ വിസ്തീർണം : 1536.74 M2 ; പ്ലോട്ട് ഏരിയ : 916.6 M2

F.S.I ഇനത്തിലെ അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന വിസ്തീർണ്ണം : 1374.9 M2 (916.6 M2 X 1.5)

F.S.I ഇനത്തിലെ അധിക ഫീസ് ഈടാക്കേണ്ട വിസ്തീർണ്ണം : 161.84 M2 (1536.74 M2 - 1374.9 M2)

F.S.I ഇനത്തിൽ ഈടാക്കേണ്ട അധിക ഫീസ് (@5000/ M2) : ₹8,09,200 (161.84×5000)

ഫ്ലോർ സ്പേസ് ഇൻഡക്സ് ഇനത്തിലെ അധിക ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ ₹8,09,200/- യുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഐ.കെ.എം സോഫ്റ്റ്‌വെയർ – അപാകതകൾ</u>

കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറാണ് സങ്കേതം. 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിക്കനുസൃതമായി നവീകരിക്കുന്നതിന്റെ ഭാഗമായി ഒരു വർഷത്തോളം കാലം (15.11.2019 മുതൽ 12.11.2020 വരെയുള്ള കാലയളവ്) ഈ സോഫ്റ്റ്‌വെയർ ഐ.കെ.എം പ്രവർത്തനം നിശ്ചലമാക്കിയതിനാൽ കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. കോവിഡ് മഹാമാരി കാലത്ത് ഈ സോഫ്റ്റ്‌വെയർ പ്രവർത്തനരഹിതമായിരുന്നു. ആയത് അംഗീകരിക്കാവുന്നതല്ല. ഓരോ വർഷവും ഇൻഫോർമേഷൻ കേരള മിഷന്റെ പ്രവർത്തനത്തിനായി ഭീമമായ സംഖ്യയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പദ്ധതി ഫണ്ടിന്റെ നിശ്ചിത ശതമാനം നിരക്ക് എന്ന തോതിൽ) കൈമാറുന്നത്. സർക്കാർ ഉത്തരവ് (സാധാ) നം. 1228/2016/ ത.സ്വ.ഭ.വ/08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അവയ്ക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25%-വും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പ്ലാൻ ഫണ്ടിന്റെ 0.10%-വും നിർബന്ധമായും ഐ.കെ.എം.-ന്റെ പ്രവർത്തനത്തിന് മാറ്റിവേക്കേണ്ടതാണ്. ഇപ്രകാരം ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് ഐ.കെ.എം.-ന്റെ പ്രവർത്തനത്തിന് കൈമാറിയത് ₹5,52,625/-യാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക (₹) |
|---|---|---|
| 1 | 2015-16 | 63760 |
| 2 | 2016-17 | 68865 |
| 3 | 2017-18 | 94330 |
| 4 | 2018-19 | 100670 |
| 5 | 2019-20 | 125000 |
| 6 | 2020-21 | 100000 |
| | ആകെ | 552625 |

ഇപ്രകാരം തുക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകി വരുന്നുണ്ട്. എന്നാൽ ഡിജിറ്റൽ ഗവേണൻസ് രംഗത്ത് ഐ.കെ.എം. മികവ് പുലർത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരവിനങ്ങളായ ലൈസൻസ്, തൊഴിൽ നികുതി, ലേലം, വാടക എന്നിവ കുറ്റമറ്റ രീതിയിൽ പിരിച്ചെടുക്കുന്നതിന് നാളിതുവരെ സോഫ്റ്റ്‌വെയറിൽ സംവിധാനം ഒരുക്കിയിട്ടില്ല. ആയത് മൂലം വരവ് ഇനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാവുന്നു. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ച് പോരുന്ന സോഫ്റ്റ്‌വെയറുകളിൽ ഓഡിറ്റിന് പരിശോധിക്കാൻ ലോഗിൻ ഐ.ഡി നൽകാൻ ഐ.കെ.എം. നാളിതുവരെ തയ്യാറായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളിൽ നിന്ന് ലഭിക്കേണ്ട തുക, പിരിച്ചെടുത്തത്, അവശേഷിക്കുന്നത് എന്നിവ സംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് നൽകാൻ ഐ.കെ.എം വികസിപ്പിച്ച വസ്തു നികുതി സോഫ്റ്റ്‌വെയറായ സഞ്ചയയ്ക്ക് സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ ധനസമാഹരണം സോഫ്റ്റ്‌വെയറായ സാംഖ്യയിൽ ലഭിക്കുന്നത് സഞ്ചയയിൽ നിന്നും വ്യത്യസ്തമായ റിപ്പോർട്ടാണ്.

| ഇനം | വാർഷിക കണക്കുകൾ (സാംഖ്യ) | | | രജിസ്റ്റർ (സഞ്ചയ) | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (ഗാർഹികം)-തൻവർഷം | 1195710 | 1023959 | 173298 | 1195710 | 1010111 | 184874 |
| വസ്തു നികുതി (ഗാർഹികം)-കുടിശിക | 118659 | 68236 | 39758 | 116422 | 63506 | 54733 |
| വസ്തു നികുതി (ഗാർഹികേതരം)-തൻവർഷം | 2059773 | 1860967 | 203127 | 2059773 | 1870322 | 192763 |
| വസ്തു നികുതി (ഗാർഹികേതരം)-കുടിശിക | 107368 | 76281 | 31088 | 108021 | 68886 | 39170 |

വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വരുന്നത് നീതീകരിക്കാവുന്നതല്ല. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 1999 ജൂണിൽ രൂപീകരിച്ച സ്ഥാപനമാണ് ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം.). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ എന്നിവ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുകയും, വിവിധ തലങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച് ഇ- ഗവേണൻസ് നടപ്പിലാക്കുകയുമാണ് ഇൻഫർമേഷൻ കേരളാമിഷൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 2021 ആയിട്ടും ഡിജിറ്റൽ ഗവേണൻസ് രംഗത്ത് ഐ.കെ.എം. പ്രവർത്തനം മികച്ചതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും മറ്റ് ഏജൻസികളെ ഏൽപ്പിക്കണമെന്ന് ഓഡിറ്റിന് അഭിപ്രായമുണ്ട്. 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിക്കനുസൃതമായി നവീകരിക്കേണ്ടതിന്റെ ഭാഗമായി ഒരു വർഷത്തോളം കാലം (15.11.2019 മുതൽ 12.11.2020 വരെയുള്ള കാലയളവ്) സങ്കേതം സോഫ്റ്റ്‌വെയർ ഐ.കെ.എം പ്രവർത്തനം നിശ്ചലമാക്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഐ.കെ.എം.-ൽ നിന്ന് വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ദിവസ കളക്ഷൻ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ദിവസ കളക്ഷന്റെ ഒടുക്ക് പരിശോധിച്ചതിൽ തുക അടവാക്കിയത് പഞ്ചായത്ത് അക്കൗണ്ടിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | ദിവസ കളക്ഷൻ ബാങ്കിൽ വരവ് വെച്ച തീയതി | അക്കൗണ്ട് ചെയ്ത തീയതി |
|---|---|---|---|
| 1 | 75175 | 03/02/21 | 04/02/21 |
| 2 | 75258 | 17/02/21 | 18/02/21 |
| 3 | 58966 | 18/02/21 | 19/02/21 |
| 4 | 72667 | 25/02/21 | 26/02/21 |
| 5 | 54014 | 26/02/21 | 01/03/21 |
| 6 | 132757 | 02/03/21 | 03/02/21 |

| | | | |
|---|---|---|---|
| 7 | 73210 | 22/03/21 | 24/03/21 |
| 8 | 26897 | 23/03/21 | 24/03/21 |

ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക ബാങ്കിൽ ഒടുക്കുന്ന ദിവസം തന്നെ അക്കൗണ്ടിലും വരവ് വെയ്ക്കേണ്ടതാണ്

**1-15 കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിച്ചു - നിരത ദ്രവ്യം തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല**

താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത പ്രൈം കൺസ്ട്രക്ഷൻ&കോൺട്രാക്ടിംഗ് എന്ന സ്ഥാപനം കരാറിലേർപ്പെടാൻ വിസമ്മതിച്ചതിനെ തുടർന്ന് കരാറുകാരനെ പ്രവൃത്തി നിർവ്വഹണത്തിൽ നിന്നും ഒഴിവാക്കി നിരതദ്രവ്യം തനതുഫണ്ടിലേക്ക് മുതൽ കൂട്ടുവാൻ 07.12.2019-ലെ 4(1), 27.01.2020-ലെ 2(6) നമ്പർ അജണ്ട പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

| പദ്ധതിയുടെ പേര് | അടങ്കൽ തുക (₹) | നിരതദ്രവ്യമായി ഒടുക്കിയ തുക |
|---|---|---|
| പള്ളിക്കുന്ന് റോഡ് മെയിന്റനൻസ് (225/20) | 500000 | 12500 |
| എസ്റ്റേറ്റ് പൂപ്പാറ ഭാഗം റോഡ്(215/20) | 800000 | 20000 |

ഇ-ടെണ്ടർ പ്രകാരം കരാറുകാരൻ ഒടുക്കിയ നിരതദ്രവ്യം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ വാങ്ങി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമാക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.20/16.9.21) മറുപടി നൽകിയിട്ടില്ല. പ്രൈം കൺസ്ട്രക്ഷൻ & കോൺട്രാക്ടിംഗ് എന്ന സ്ഥാപനത്തിലുള്ള നിരത ദ്രവ്യം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

**1-16 വിവിധ കുടിവെള്ള പദ്ധതികൾ-പുതിയ ജി.ഐ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി നീക്കം ചെയ്തതും കേടുപാടുകൾ സംഭവിച്ചതുമായ ജി.ഐ പൈപ്പുകൾ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല**

താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണിയുടെ ഭാഗമായി പ്രവൃത്തി സ്ഥലത്തു നിന്നു നീക്കം ചെയ്ത് സ്റ്റാക്ക് ചെയ്തതും കേടുപാടുകൾ സംഭവിച്ചതുമായ ജി.ഐ പൈപ്പുകൾ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തു നൽകിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | അളവുബുക്ക് | പ്രവൃത്തി ഇനം | നീക്കം ചെയ്ത പൈപ്പിന്റെ അളവ് |
|---|---|---|---|
| കെ.പി കോളനി കുടിവെള്ള പദ്ധതി അറ്റകുറ്റപണി(84/21) | 455/20-21 | ഇനം 2 (അളവുബുക്ക് പേജ് 2) | 360m |
| പേത്തൊട്ടി കുടിവെള്ള പദ്ധതി (56/20) | 485/19-20 | ഇനം 3 (അളവുബുക്ക് പേജ് 7) | 439.5m |

ജി.ഐ. പൈപ്പുകൾ മൂല്യ നിർണ്ണയം നടത്തി ലേല നടപടികൾക്കായി ഗ്രാമ പഞ്ചായത്തിലേക്ക് റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.21/16.09.21) മറുപടി നൽകിയിട്ടില്ല. ജി.ഐ പൈപ്പുകൾ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തു നൽകി വിവരം അറിയിക്കേണ്ടതാണ്.

**1-17 പുനരുപയോഗ/പഞ്ചായത്തിന് കൈമാറിയ വിവരങ്ങളില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം | 70/20 |
| കരാറുകാരൻ | സാജു ടി.എസ് |
| അളവുബുക്ക് | 87/19-20&128/20-21 |

| | | |
|---|---|---|
| പദ്ധതി അടങ്കൽ | ₹400000/-(വികസന ഫണ്ട് എസ്.സി.പി) | |
| പദ്ധതി ചെലവ് | ബിൽ നം/തീയതി | തുക |
| | 20100752010600685174/17.11.20 | ₹143440/- |
| | 19100752010601558994/20.04.20 | ₹153718 |

ലക്ഷം വീട് കോളനി ഡ്രെയിനേജ് എന്ന പദ്ധതിയിൽ അളവുബുക്ക്(87/19-20) പേജ് 1 പ്രവൃത്തി ഇനം 1 ആയി(2.7.D) 11.258 M3 കരിങ്കല്ല് പൊളിച്ച് നീക്കം ചെയ്ത് അട്ടിയിട്ട വകയിൽ ₹311/$M^3$ നിരക്കിൽ ₹3501.23/- കരാറുകാരന് നൽകിയിട്ടുണ്ട്. പൊളിച്ചെടുത്ത കരിങ്കല്ല് പുനരുപയോഗിക്കുകയോ റിപ്പോർട്ട് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തി പഞ്ചായത്തിന് കൈമാറുകയോ ചെയ്തിട്ടില്ല. പ്രവൃത്തി സ്ഥലത്ത് നിന്നും ലഭിച്ച കരിങ്കല്ലിന്റെ വില കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ലേലം വിളിച്ച് നൽകുകയോ ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.4/14.09.21) മറുപടി ലഭിച്ചിട്ടില്ല. പ്രവൃത്തി സ്ഥലത്തുനിന്നും നീക്കം ചെയ്ത കരിങ്കല്ല് മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്ത് നൽകുകയോ അല്ലാത്ത പക്ഷം കരാറുകാരനിൽ നിന്ന് കരിങ്കല്ലിന്റെ വില ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ

താഴെ രേഖപ്പെടുത്തിയിരിക്കുന്ന ഗുണഭോക്താക്കൾ സമയബന്ധിതമായി ലൈഫ് ഭവന പദ്ധതി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സതി രഘുനാഥ്, കണ്ണാറടിയിൽ | 200000 | ബേസ്മെന്റ് പൂർത്തിയാക്കി |
| 2 | രാജ് എം, പുഷ്പം | 360000 | മേൽക്കൂര പൂർത്തിയാക്കി |
| 3 | ആബേൽ ഇസ്രായേൽ | 40000 | ബേസ്മെന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| 4 | മുനിയാണ്ടി മാടൻ, ആനയിറങ്കൽ | 40000 | ബേസ്മെന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| 5 | ചന്ദ്രഗണേശൻ, പന്നിയാർ | 300000 | ലിന്റൽ നിർമ്മാണം പൂർത്തിയാക്കി |
| 6 | ഇറുദയരാജ്, പന്നിയാർ എസ്റ്റേറ്റ് | 40000 | ബേസ്മെന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| 7 | മോഹൻ എസ്, ODK-ഡിവിഷൻ, ദേവികുളം എസ്റ്റേറ്റ് | 300000 | ലിന്റൽ നിർമ്മാണം പൂർത്തിയാക്കി |
| 8 | രാമലക്ഷ്മി ആർ, KDH-വില്ലേജ് മനില ഡിവിഷൻ | 40000 | ബേസ്മെന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |

നാളിതുവരെയായും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്ത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റ പണി- കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം. | 172/21 |
| പദ്ധതി അടങ്കൽ | ₹1000000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ഇമ്മാനുവൽ ജോർജ്ജ് |
| അളവു ബുക്ക് | 84/19-20 |
| ബിൽ നം./തീയതി &തുക | 19100752010601558999/21.05.20; ₹514392/- |
| | 201007520106000942381/20.01.21; ₹335859/- |

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണ പ്രവൃത്തികൾ ₹720552/-യ്ക്ക് നടപ്പിലാക്കാമെന്ന വ്യവസ്ഥയിൽ ഏറ്റെടുത്തിട്ടുള്ളത് ശ്രീ ഇമ്മാനുവൽ ജോർജ്ജ് എന്ന കരാറുകാരനായിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ആകെ മൂല്യമായി നിർണ്ണയിച്ചിരിക്കുന്നത് ₹720552/-യാണ്. പ്രസ്തുത പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹720552/- |
| (+) 12% ജി.എസ്.ടി | ₹86466/- |
| മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിക്കാവുന്ന തുക | ₹807018/- |

മേൽ സൂചിത ബില്ലുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്ന തുക ₹850251/- (514392+335859) ആണ്. അന്തിമ ബില്ലിൽ നിന്നും ഒന്നാം പാർട്ട് ബിൽ തുകയായ ₹514392/- കിഴിവ് ചെയ്യുന്നതിന് പകരം ₹445361/- കിഴിവ് വരുത്തിയതുമൂലം ₹43233/-അധികം പിൻവലിച്ചിട്ടുണ്ട് (850251-807018). അധിക തുക പിൻവലിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/14.09.21) വിശദീകരണം ലഭിച്ചിട്ടില്ല. അധികം പിൻവലിച്ച ₹43233/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-20 ആയുർവേദ ഔഷധങ്ങൾ വാങ്ങൽ - ഔഷധിയേക്കാൾ വേഗത്തിലും, വിലക്കുറവിലും പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നു**

സ.ഉ.(കൈ)നം. 22/2018/ത.സ്വ.ഭ.വ, തീയതി 14.02.2018ാം നമ്പർ സബ്സിഡി മാർഗ്ഗരേഖ 7.5.3 പ്രകാരം ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ്. ആയുർവേദ മെഡിക്കൽ ഓഫീസർ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ രണ്ട് മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മരുന്നുകൾ വാങ്ങിയിട്ടുള്ളത് ഔഷധി തൃശ്ശൂർ, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ്. ഔഷധിയിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനേക്കാൾ വേഗത്തിൽ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്ടിന്റെ പേര് / നമ്പർ | ഫണ്ടിനം | ബിൽ നമ്പർ/ തീയതി/ തുക | മരുന്ന് ലഭ്യമാക്കിയ സ്ഥാപനം | ഇൻവോയ്സ് നമ്പർ/ തീയതി/തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ (164/21) | പൊതു വിഭാഗം - സംരക്ഷണ ഫണ്ട് (റോഡിതരം) | 01/2020-21 തീയതി. 14.07.2020 ₹ 50,000 | പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കണ്ണൂർ | നം. 83/ 12.06.2020 ₹ 50,000 | 03.06.2020 ലെ പ്രഫോർമ ഇൻവോയ്സ് പ്രകാരം മരുന്ന് 13.06.2020-ൽ ലഭ്യമായി |
| 2 | ആയുർവേദ ആശുപത്രിക്ക് മരുന്ന് (10/21) | പൊതു വിഭാഗം - സംരക്ഷണ ഫണ്ട് (റോഡിതരം) | 02/2020-21 തീയതി. 13.10.2020 ₹ 4,00,000 | ഔഷധി, തൃശ്ശൂർ | നം.90183944/ 17.10.2020 ₹99,832/- നം.90185762/ 30.10.2020 ₹79,008/- നം.90190261/ 30.11.2020 ₹72,089/- നം.90193186/ 30.12.2020 ₹87,323/- നം.90197072/ 30.01.2020 ₹27,565/- നം.90200583/ 27.02.2021 ₹18,731/- നം.90204764/ 27.03.2021 ₹15,452/- ആകെ : ₹4,00,000 | 13.10.2020-ന് ഔഷധിക്ക് തുക കൈമാറിയെങ്കിലും ഏഴ് ഗഡുക്കളായി 2021 മാർച്ചോടെ യാണ് എല്ലാ മരുന്നുകളും ലഭ്യമായത്. |

ഔഷധി, തൃശ്ശൂർ ലഭ്യമാക്കുന്ന മരുന്ന് വിലയേക്കാൾ (യൂണിറ്റ് കോസ്റ്റിന്) കുറഞ്ഞ നിരക്കിലാണ് പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ഇനം | പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി - യൂണിറ്റ് കോസ്റ്റ് | മരുന്ന് ലഭ്യമാക്കിയ ഇൻവോയ്സ് നമ്പർ/തീയതി | വാങ്ങിയ മരുന്നിന്റെ അളവ്, തുക | ഔഷധി - യൂണിറ്റ് കോസ്റ്റ് | മരുന്ന് ലഭ്യമാക്കിയ ഇൻവോയ്സ് നമ്പർ/തീയതി | വാങ്ങിയ മരുന്നിന്റെ അളവ്, തുക |
|---|---|---|---|---|---|---|---|
| 1 | വില്വാദി ഗുളിക(100 എണ്ണം) | 159 | 83/12.06.2020 | 40 ടാബ്‌ലറ്റ് സ്ട്രിപ്പുകൾ ₹6360 (40x159) | 160 | നം.90197072/ 30.01.2020 | 75 ടാബ്‌ലറ്റ് സ്ട്രിപ്പ് ₹ 12000 (75x160) |
| 2 | സുദർശനം ഗുളിക(100 എണ്ണം) | 86 | 83/12.06.2020 | 18 ടാബ്‌ലറ്റ് സ്ട്രിപ്പുകൾ ₹1548 (18x86) | 87 | നം.90197072/ 30.01.2020 | 75 ടാബ്‌ലറ്റ് സ്ട്രിപ്പ് ₹6525 (75x87) |
| 3 | ഇന്ദുകാന്തം കഷായ ചൂർണ്ണം(500 ഗ്രാം) | 67 | 83/12.06.2020 | 35 കുപ്പികൾ ₹2345 (35x67) | 68 | നം.90197072/ 30.01.2020 | 50 കുപ്പികൾ ₹3400 (50x68) |
| 4 | ദ്രാക്ഷാദി കഷായ ചൂർണ്ണം (500 ഗ്രാം) | 238 | 83/12.06.2020 | 18 കുപ്പികൾ ₹4284 (18x238) | 239 | നം.90193186/ 30.12.2020 | 10 കുപ്പികൾ ₹2390 (10x239) |
| 5 | താലീസപത്രാദി ചൂർണ്ണം(500 ഗ്രാം) | 216 | 83/12.06.2020 | 10 കുപ്പികൾ ₹2160 (10x216) | 217 | നം.90190261/ 30.11.2020 | 20 കുപ്പികൾ ₹4340 (20x217) |
| 6 | കർപ്പൂരാദി ചൂർണ്ണം(500 ഗ്രാം) | 293 | 83/12.06.2020 | 5 കുപ്പികൾ ₹1465 (5x293) | 294 | നം.90183944/ 17.10.2020 | 26 കുപ്പികൾ ₹7644 (26x294) |
| 7 | രാസ്നാദി ചൂർണ്ണം(500 ഗ്രാം) | 238 | 83/12.06.2020 | 5 കുപ്പികൾ ₹1190 (5x238) | 245 | നം.90183944/ 17.10.2020 | 35 കുപ്പികൾ ₹8575 (35x245) |
| 8 | വരാചൂർണ്ണം(500 ഗ്രാം) | 202 | 83/12.06.2020 | 8 കുപ്പികൾ ₹1616 (8x202) | 203 | നം.90193186/ 30.12.2020 | 28 കുപ്പികൾ ₹5684 (28x203) |

ഔഷധിയുമായി താരതമ്യ പഠനം നടത്തിയാൽ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് വളരെ വേഗത്തിലും വിലകുറവിലും മരുന്നുകൾ ലഭ്യമാവുന്നു. എന്നാൽ മേൽ പ്രോജക്ടുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാത്തതിനാൽ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് ലഭ്യമായ മരുന്നുകളുടെ ഗുണനിലവാരം, പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നീ വിവരങ്ങൾ വ്യക്തമായില്ല. പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ലഭ്യമായ മരുന്നുകളുടെ ഗുണനിലവാരം, വിതരണം, അനുബന്ധ കാര്യങ്ങൾ എന്നിവ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീയതി.15.09.2021) ആയുർവേദ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ "ഭാരതീയ ചികിത്സാ വകുപ്പിന് നേരിട്ട് മരുന്ന് വാങ്ങാൻ അനുവാദമുള്ളത് ഔഷധിയിൽ നിന്നാണ് എന്നും വർഷങ്ങളായി ഔഷധിയിൽ നിന്നാണ് സ്ഥാപനത്തിലേക്ക് മരുന്ന് വാങ്ങികൊണ്ടിരിക്കുന്നത് എന്നും, കോവിഡ് പ്രത്യേക സാഹചര്യത്തിൽ ഔഷധിയ്ക്ക് എല്ലാ മരുന്നുകളും പെട്ടെന്ന് ലഭ്യമാക്കാൻ പറ്റാത്തതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് മരുന്ന് വാങ്ങിയത് എന്നും ഈ രണ്ട് മരുന്ന്

കമ്പനികളും GMP സർട്ടിഫൈഡ് മരുന്ന് കമ്പനികളായതിനാൽ ഉന്നത ഗുണനിലവാരമുള്ള മരുന്നുകൾ തന്നെയാണ് വിതരണം ചെയ്യുന്നത്" എന്നും വിശദീകരിച്ചു.

മാർഗ്ഗരേഖ പ്രകാരം ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ രണ്ട് മരുന്ന് വാങ്ങൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഔഷധിയേക്കാൾ വേഗത്തിലും, വിലക്കുറവിലും പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് മരുന്നുകൾ ലഭ്യമാകുന്നുണ്ട് എന്ന് വ്യക്തമാവുന്നു. ആയതിനാൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി, സർക്കാർ ഫണ്ടിന് നഷ്ടം വരാത്ത രീതിയിൽ വിലക്കുറവിലും, ജനങ്ങൾക്ക് ചികിത്സക്ക് ശേഷം മരുന്ന് ലഭിക്കാതെ പോവുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടി വേഗത്തിൽ മരുന്ന് ലഭ്യമാക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങൽ രീതി സ്വീകരിക്കാവുന്നതാണ്.

**1-21 പൂരകപോഷകാഹാര പദ്ധതികൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല-₹2854021/- തടസ്സപ്പെടുത്തുന്നു**

സംയോജിത ശിശു വികസന ഓഫീസർ 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പൂരകപോഷകാഹാര പദ്ധതികൾക്കായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം/പേര് | ബിൽ/ചെക്ക് നം/തിയതി | തുക | ഫണ്ട് |
|---|---|---|---|
| 17/2020-21 അംഗൻവാടി പൂരകപോഷകാഹാരം-ജനറൽ | 20100752013000298152/14.07.2020 | 622078 | വികസനഫണ്ട് പൊതുവിഭാഗം |
| | 20100752013000477229/16.09.2020 | 171364 | |
| | 20100752013000298152/23.01.2021 | 91758 | |
| | 20100752013000972773/10.02.2021 | 114800 | |
| | 2551301/03.07.2020 | 124638 | കേന്ദ്ര വിഹിതം |
| | 2599697/05.02.2021 | 233257 | |
| | 640113/25.03.2021 | 177438 | |
| 18/2020-21 അംഗൻവാടി പൂരകപോഷകാഹാരം (എസ്.സി) | 20100752013000477235/16.09.2020 | 77596 | വികസനഫണ്ട്-എസ്.സി.പി |
| | 20100752013000622340/30.11.2020 | 316645 | |
| | 20100752013000972768/10.02.2021 | 236485 | |
| | 20100752013001049907/20.02.2021 | 136442 | |
| | 2599697/05.02.2021 | 309203 | കേന്ദ്ര വിഹിതം |
| 19/2020-21 അംഗൻവാടി പൂരകപോഷകാഹാരം (ടി.എസ്.പി) | 20100752013000477241/30.11.2020 | 10737 | വികസനഫണ്ട്-ടി.എസ്.പി |
| | 20100752013000622341/30.11.2020 | 65268 | |
| | 20100752013001049906/10.02.2021 | 49087 | |
| | 20/202/27.03.2021 | 49087 | |
| | 2599697/05.02.2021 | 68138 | കേന്ദ്ര വിഹിതം |
| | ആകെ | 2854021 | |

പൂരക പോഷകാഹാര പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹2854021/- തടസ്സപ്പെടുത്തുന്നു. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തു വിവിധ അംഗൻവാടികൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർപരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-22 തൊണ്ടിമല കുട്ടിയമ്മൻചോല കുഴൽകിണർ &ടാങ്ക് നിർമ്മാണം-പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം | 96/21 |
| പദ്ധതി അടങ്കൽ | ₹300000/-(വി.ഫ.എസ്.സി.പി) |
| കരാറുകാരൻ | കലേഷ് കുമാർ പി.പി |
| അളവുബുക്ക് | 452/21 |
| ബിൽ നം/തീയതി & തുക | 20100752010601406590/27.3.21;₹72912/- |

കുഴൽകിണർ നിർമ്മാണം, കുടിവെള്ള സംഭരണ ടാങ്ക്, 1.5HP പമ്പ് സെറ്റ്, പൈപ്പ് ലൈൻ എന്നിവയായിരുന്നു പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തി ഇനങ്ങൾ. കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കുഴൽകിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. പാർട്ട് ബില്ലിനത്തിൽ കരാറുകാരന് ₹72912/- അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പാർട്ട് ബിൽ നൽകിയതിനു ശേഷം തുടർ പ്രവൃത്തികൾ നടപ്പിലാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.11/15.09.21) മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ₹72912/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 ഗ്രാമ പഞ്ചായത്ത് ഊട്ടുപുര വികസനം-ആകെ പ്രവൃത്തിമൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം | 215/21 |
| പദ്ധതി അടങ്കൽ | ₹701600/-(₹689500-CFCഗ്രാന്റ്;₹12100-വി.ഫ ജനറൽ) |
| കരാറുകാരൻ | കലേഷ് കുമാർ പി.പി |
| എഗ്രിമെന്റ് നം./തീയതി | AE/LSGD/SPRA/102/20-21 തീയതി 28.01.2020 |
| എസ്റ്റിമേറ്റ് തുക | ₹594564/- |
| അളവു ബുക്ക് | 338/20-21 |
| ബിൽ നം/തീയതി & തുക | 20100752010601313239/23.3.21;₹688647/- |

ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തത് മൂലം കരാറുകാരന് ₹34819/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് നൽകിയ തുക | | കരാറുകാരന് നൽകാവുന്ന തുക | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 625667 | ആകെ പ്രവൃത്തി മൂല്യം (ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തിയത്) | 594564 |
| (+) 12% ജി.എസ്.ടി | 75080 | (+) 12% ജിഎസ്.ടി | 71349 |
| ബിൽ പ്രകാരം കരാറുകാരന് നൽകാനായി പിൻവലിച്ച തുക | 700747 | കരാറുകാരന് നൽകാനായി പിൻവലിക്കേണ്ടിയിരുന്ന തുക | 665928 |

അന്തിമ ബിൽ പ്രകാരം കരാറുകാരന് അനുവദിച്ച ₹700747/-യിൽ ₹688647/- യാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും വകയിരുത്തിയ ₹12100/- കരാറുകാരന് നൽകുന്നതിനായി 2021-22 വർഷം സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയും തുക അനുവദിച്ച് നൽകിയിട്ടില്ല. കരാറുകാരന് ₹22735/- (688647-665912) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 08/15.09.2021) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ₹22735/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. 2021-22 വർഷം വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും കരാറുകാരന് നൽകുന്നതിനായി വകയിരുത്തിയ ₹12100/- പിൻവലിക്കുന്നതിനുമുമ്പ് കരാറുകാരന് അനുവദനീയമായ തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

**1-24 കാലി വീപ്പയുടെ വില ഈടാക്കിയില്ല**

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കരാറുകാർക്ക് അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ തുക | കരാറുകാരൻ &അളവുബുക്ക് | പ്രവൃത്തിക്ക വേണ്ടി ഉപയോഗിച്ച ബിറ്റുമിൻ (ബാരൽ) | കാലിവീപ്പ ഒന്നിന് ₹238/- നിരക്കിലും GST 18% നിരക്കിലും ഈടാക്കേണ്ടിയിരുന്ന തുക | ബിൽ നം/ തീയതി&തുക |
|---|---|---|---|---|---|
| പൂപ്പാറ കോരമ്പാറ റോഡ്(62/21) | ₹800000/- | ഷാജി എം.എം 281/20-21 | 21 (SS1-37.7kg; RS1-306 Kg; VG30-2972 Kg) | 4998 GST-₹900 | 20100752010601166096/ 27.2.2021 ₹713969/- |
| മുള്ളൻതണ്ട് റോഡ്(205/21) | ₹500000/- | ജയിംസ് മാത്യു 3/20-21 | 16 (SS1-474kg; RS1-213.06kg; VG 30-1895.9kg) | 3808 GST-₹685 | 20100752010600420795/ 13.8.2020 ₹485184/- |
| തോട്ടിക്കാനം നെല്ലിക്കാതടം റോഡ്(208/21) | ₹1000000/- | ജയിംസ് മാത്യു 4&5/20-21 | 14 (RS1-189.675 Kg ; VG30-2041kg) | 3332 GST ₹600 | 20100752010600420797/ 13.8.2020 ₹998257/- |
| തോട്ടിക്കാനം മുരിക്കുംതൊട്ടി റോഡ്(207/21) | ₹800000/- | ജയിംസ് മാത്യു 6/20-21 | 21(SS1-37.7kg; RS1-306kg; VG30-2972kg) | 4998 GST- ₹900 | 20100752010600332111/ 9.7.2020 ₹781729/- |
| എസ്റ്റേറ്റ് പൂപ്പാറ മുള്ളൻതണ്ട് റോഡ്(152/21) | ₹1000000/- | ഷാജി എം.എം 285/20-21 | 28(SS1-383.7kg; RS1-327 Kg; VG30-3145.5kg) | 6664 GST-₹1200 | 20100752010601166094/ 27.2.2021 ₹998971/- |
| പാറഭാഗം പള്ളിക്കുന്ന് റോഡ്(206/21) | ₹1000000/- | ജയിംസ് മാത്യു | 40(SS1-382.5kg; RS1-522.77 Kg; VG30-5354kg) | 9520 GST-₹1714 | 20100752010600942364/ 14.1.2021 ₹999331/- |
| പുത്തടി പള്ളിക്കുന്ന് റോഡ്(66/21) | ₹1500000/- | കലേഷ് കുമാർ പി.പി | 40(SS1-510kg; RS1-537.2 Kg; VG30-5219kg) | 9520 GST-₹1714 | 20100752010600942129/ 14.1.2021 ₹149672/- |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | ₹42840/-<br>+GST-₹7713 | |

ടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കാത്തതുസംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.15/16.09.21) മറുപടി ലഭിച്ചിട്ടില്ല. കാലി വീപ്പയുടെ വിലയായ ₹42840/-യും ജി.എസ്.ടി. തുകയായ ₹7713/- യും ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**<u>1-25 പൂപ്പാറ പഞ്ചായത്ത് എൽ.പി സ്കൂൾ കെട്ടിട നിർമ്മാണം-ഓവർ ഹെഡ് ചാർജ്ജ് കുറവ് ചെയ്തില്ല</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം | 125/21 |
| പദ്ധതി അടങ്കൽ | 2500000/(വി.ഫ&ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കൺവീനർ | ശ്രീ സതീശൻ |
| അളവു ബുക്ക് | 451/18-19;452/18-19;489/18-19&88/19-20 |
| എഗ്രിമെന്റ് നം. | 85/AE/LSGD/SP/2018-19 തീയതി. 19.01.2019 |
| ബിൽ നം/തീയതി&തുക | 18100752010601387484/15.3.19;₹882724/-<br>18100752010601561889/28.3.19;₹925740/-<br>19100752010601561889/27.8.19;₹303401/-<br>19100752010601637501/29.3.20;₹135276/-<br>20100752010600942304/14.1.21;₹251735/- |

55.88% കോസ്റ്റ് ഇൻഡക്സും ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടുത്തി ഡി.എസ്.ആർ 2016 ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ പദ്ധതിയാണിത്. ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 5.5% ഓവർ ഹെഡ് ചാർജ്ജ് കിഴിവു വരുത്തി അന്തിമ ബിൽ തയ്യാറാക്കേണ്ടതായിരുന്നെങ്കിലും ഓവർ ഹെഡ് ചാർജ്ജിനത്തിലുള്ള കിഴിവു വരുത്താത്തതുമൂലം കൺവീനർക്ക് ₹137438/- അധികം നൽകിയിട്ടുണ്ട്.

| | |
|---|---|
| കൺവീനർക്ക് നൽകുന്നതിനായി പിൻവലിച്ച തുക | ₹2498876/- |
| കൺവീനർക്ക് നൽകാവുന്ന തുക | ₹2361438/-(ആകെ പ്രവൃത്തിമൂല്യമായ ₹2498876/-യിൽ നിന്നും 5.5% ഓവർഹെഡ് ചാർജ്ജായ ₹137438/-കിഴിവ് വരുത്തിയ തുക) |
| കൺവീനർക്ക് അധികം നൽകിയ തുക | ₹137438/- |

കൺവീനർക്ക് അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.9/15.9.21) മറുപടി ലഭ്യമായിട്ടില്ല. ₹137438/-ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**<u>1-26 കൺവീനർമാർക്ക് 12% ജി.എസ്.ടി വിഹിതം അധികമനവദിച്ചു</u>**

കരാറുകാർക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്ന 12% ജി.എസ്.ടി വിഹിതം താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയ

കൺവീനർമാർക്കും അനുവദിച്ചു നൽകിയിട്ടുണ്ട്.

1. പൂപ്പാറ എൽ.പി സ്കൂൾകെട്ടിട നിർമ്മാണവും അനുബന്ധ പ്രവൃത്തികളും

| | |
|---|---|
| പ്രോജക്ട് നം | 216/21 |
| പദ്ധതി അടങ്കൽ | ₹1000000/- |
| കൺവീനർ | ശ്രീ എബിദാസ്,ഹെഡ് മാസ്റ്റർ |
| അളവുബുക്ക് | 343/20-21 |
| ബിൽ നം/തീയതി&തുക | 82/8.3.21;₹554924/<br>97/30.3.21;₹445000/- |

പൂപ്പാറ എൽ.പി സ്കൂൾ കെട്ടിട നിർമ്മാണവും അനുബന്ധ പ്രവൃത്തികളും എന്ന പ്രവൃത്തിയുടെ ആകെ മൂല്യമായ ₹892790/- മാത്രമാണ് കൺവീനർക്ക് അനുവദനീയമായ തുക. പദ്ധതിയുടെ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യത്തിന്റെ കൂടെ രജിസ്റ്റേർഡ് കരാറുകാർക്ക് അനുവദിക്കാറുള്ള 12% ജി.എസ്.ടി നഷ്ടപരിഹാരം കൂടി കണക്കാക്കിയുള്ള തുക കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. മാത്രമല്ല ഓവർ ഹെഡ് ചാർജ്ജിനത്തിൽ കിഴിവ് വരുത്തേണ്ടിയിരുന്ന 4.5% തുക കൂടി കൺവീനർക്ക് അധികമായി അനുവദിച്ചിട്ടുണ്ട്. ജി.എസ്.ടി വിഹിതമിനത്തിൽ സർക്കാരിലേക്ക് ഒടുക്കിയ 2% കിഴിച്ച് ജി.എസ്.ടി നഷ്ട പരിഹാര തുകയായ 10% ഉം ഓവർ ഹെഡ് ചാർജ്ജിനത്തിലുള്ള 4.5% ഉൾപ്പെടെ ആകെ 14.5% തുക കൺവീനർക്ക് അധികമായി നൽകിയിട്ടുണ്ട്.

2. പൂപ്പാറ എൽ.പി സ്കൂൾ താഴത്തുഭാഗം കെട്ടിട മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് നം | 219/21 |
| പദ്ധതി അടങ്കൽ | ₹300000/- |
| കൺവീനർ | ശ്രീ എബിദാസ്, ഹെഡ് മാസ്റ്റർ |
| അളവുബുക്ക് | 251/20-21 |
| ബിൽ നം./<br>തീയതി&തുക | 201007520106011660 89/27.02.21; ₹50138/<br>201007520106010804 82/12.02.21;₹249748/- |

ആകെ പ്രവൃത്തിമൂല്യമായ ₹267755/-യുടെ കൂടെ ജി.എസ്.ടി നഷ്ട പരിഹാര തുകയായ 10% ഉം ഓവർ ഹെഡ് ചാർജ്ജിനത്തിലുള്ള 4.5% ഉൾപ്പെടെ ആകെ 14.5% തുക കൺവീനർക്ക് അധികമായി നൽകിയിട്ടുണ്ട്.

പദ്ധതി കൺവീനർക്ക് ജി.എസ്.ടി നഷ്ടപരിഹാരമിനത്തിൽ 10% അധിക തുക അനുവദിച്ചു നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.10/15.9.21) വിശദീകരണം നൽകിയിട്ടില്ല. ജി.എസ്.ടി. നഷ്ട പരിഹാരമായി അനുവദിച്ച തുക കൺവീനർ സർക്കാരിലേക്ക് ജി.എസ്.ടി ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാത്തപക്ഷം തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഓവർഹെഡ് ചാർജിനത്തിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-27 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ - നഷ്ടം ₹13969/-**

| | |
|---|---|
| പ്രോജക്ട് | 133/21 (42/20) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹490000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| ചെലവ് ബിൽ നം./തീയതി/തുക | 1910075201050159772З/25.03.20/₹46320/-<br>20100752010500839198/18.12.20/ ₹249969/-<br>2010075201050012988З/11.04.20/₹191850/-<br>ആകെ ₹488139/- |

2019-20 വർഷം ഏറ്റെടുത്തതും 2020-21 വർഷം നിർവ്വഹണം പൂർത്തീകരിച്ചതുമായ മേൽ പദ്ധതിക്കായി 11.10.2019-ലെ ബി1-400/19 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം "സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അടങ്കൽ ₹499000/-" എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ആവശ്യമുള്ള സാമഗ്രികളുടെ വിവരം ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ വ്യത്യസ്തമായ ഇനങ്ങൾ ഉൾപ്പെടെ നിരക്ക് രേഖപ്പെടുത്തുകയും അതിൽ 'കാരിയേലിൽ ഇലക്ട്രിക്കൽസ്' രാജാക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് ആവശ്യമായ സാമഗ്രികളുടെ അളവ് കണക്കാക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ താരതമ്യ പത്രിക തയ്യാറാക്കുകയോ ചെയ്യാതെയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. മാത്രമല്ല ടെണ്ടറിൽ ഉൾപ്പടാതിരുന്ന താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | നിരക്ക് | GST 18% | അളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ELCB | 2457 | 442.26 | 8 | 23194.08 | Invoice No. 1312/ 22.03.2020 |
| 2 | BD Box | 350 | 63 | 8 | 3304 | Invoice No. 1312/ 22.03.2020 |
| 3 | Fuse Unit | 240 | 43.20 | 18 | 5097.60 | Invoice No. 1312/ 22.03.2020 |
| 4 | Timer | 1950 | 351 | 4 | 9204 | Invoice No. 1312/ 22.03.2020 |

കൂടാതെ താഴെ പറയുന്ന ഇനങ്ങൾ, അംഗീകരിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങിയതിനാൽ പഞ്ചായത്തിന് ₹13969/-യുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) | ഇൻവോയ്സ് പ്രകാരം നൽകിയ നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) | വ്യത്യാസം (₹) | എണ്ണം/ അളവ് | ആധികമായി നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | Switch | 56 | 64.90 | 8.90 | 170 | 1513 |
| 2 | LED Tubeset | 450 | 519.20 | 69.20 | 180 | 12456 |
| | | | | | **ആകെ** | **13969** |

മേൽ പദ്ധതി സംബന്ധിച്ച് പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് കളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മെയിന്റനൻസ് നടത്തിയ 13 വാർഡുകളിലെയും വിവരം ഒരു രജിസ്റ്ററിൽ എഴുതുന്നുണ്ടെങ്കിലും എത്ര സാമഗ്രികൾ ഉപയോഗിച്ചെന്നോ എത്ര പോസ്റ്റിൽ മെയിന്റനൻസ് നടത്തിയെന്നോ കണക്കാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചെയ്ത പ്രവൃത്തി സംബന്ധിച്ച് യാതൊരു താരതമ്യവും നടത്താതെ സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. വാങ്ങിയ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 15.09.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12-ന് ലഭ്യമാക്കിയ മറുപടിയിൽ സ്ട്രീറ്റ് ലൈറ്റ് കേടാവുന്ന മുറയ്ക്ക് നന്നാക്കുന്നതിനാൽ മുൻകൂറായി ആവശ്യം തിട്ടപ്പെടുത്തുവാൻ സാധിക്കില്ലയെന്നും പഞ്ചായത്ത് സ്ട്രീറ്റ് മെയിൻ ഉള്ള ഭാഗങ്ങളിൽ ഇടിമിന്നലിൽ തകരാർ സംഭവിച്ചപ്പോഴാണ് അപ്രതീക്ഷിതമായി ടെണ്ടറിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങേണ്ടിവന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുപോലുള്ള കാരണങ്ങളാൽ മുൻവർഷവും അപ്രകാരം വാങ്ങൽ നടത്തിയിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കുമ്പോൾ സ്ട്രീറ്റ് ലൈറ്റിന് ആകെ ആവശ്യം വരാവുന്ന ഇനങ്ങളുടെ നിരക്ക് ടെണ്ടറിൽ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തെ നിശ്ചയിക്കുകയും തുടർന്ന് ആവശ്യം വരുന്ന ഇനങ്ങൾ അതാത് സമയം വാങ്ങി മെയിന്റനൻസ് നടത്താവുന്നതുമാണ്. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള നടപടി ക്രമങ്ങളിലെ വീഴ്ച ഒഴിവാക്കേണ്ടതാണ്. ടെണ്ടറിൽ അംഗീകരിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തിയത് സംബന്ധിച്ച

കാര്യത്തിൽ യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ഇപ്രകാരം അധിക നിരക്ക് നൽകിയതുമൂലം ഉണ്ടായ നഷ്ടം ₹13969/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

**1-28 സർക്കാർ നിർദ്ദേശം പാലിക്കാതെ നേരിട്ട് വാങ്ങൽ നടത്തിയിരിക്കുന്നു**

| | |
|---|---|
| പ്രോജക്ട് | 181/21, കിഴങ്ങുവർഗ്ഗ വിളകൾ കിറ്റ് വിതരണം (വനിത) |
| അടങ്കൽ | ₹200000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് ബിൽ നം./ തീയതി/ തുക | 20100752007900347950/ 15.07.2020/ ₹200000/- |

കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് വിതരണം നടത്തി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി കുടുംബശ്രീ യൂണിറ്റിൽ ഉൾപ്പെട്ട 400 വനിത കർഷകർക്ക് വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്ത മേൽ പദ്ധതിക്കായി ചേന, ചേമ്പ്, വാഴവിത്ത്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ അഞ്ച് ഇനങ്ങൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തൊട്ടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും നടീൽ വസ്തുക്കളും, ജൈവ വളവും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (കെയ്ക്കോ) നിന്നും ടെണ്ടർ കൂടാതെ വാങ്ങുവാൻ അനുമതി നൽകണമെന്ന് കെയ്ക്കോ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 18.12.2019 ലെ സ.ഉ.(സാധാ)നം.2881/2019/ത.സ്വ.ഭ.വ. ഉത്തരവിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്ക്കോ) സ്വന്തമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നടീൽ വസ്തുക്കൾ ഉൾപ്പെടുന്നില്ലയെന്നതിനാൽ കെയ്ക്കോയിൽ നിന്നും വാങ്ങൽ നടത്തിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് 16.09.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 22-ന് ലഭ്യമാക്കിയ മറുപടിയിൽ കേരള കൃഷിവകുപ്പ് ഡയറക്ടറുടെ 17.03.2017-ലെ റ്റി.ജി.II(1) 11889/17 നമ്പർ സർക്കുലർ പ്രകാരവും കോവിഡ് സാഹചര്യത്തിൽ സമയബന്ധിതമായി നടീൽ വസ്തുക്കൾ വിതരണം ചെയ്യേണ്ടതായ സാഹചര്യം നിലവിൽ ഉണ്ടായിരുന്നതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശം ഉണ്ടായിരുന്നതിനാലുമാണ് കെയ്ക്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറഞ്ഞ അടങ്കൽ തുകയുടെ വാങ്ങൽ ആയതിനാൽ കോവിഡിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നു. ഈ വിഷയത്തിൽ വാങ്ങൽ നടപടിക്രമങ്ങൾ യഥാവിധി പാലിക്കുന്നു എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

**1-29 വിതരണം ചെയ്യുന്ന ജൈവവളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല**

2020-21 സാമ്പത്തിക വർഷം ഏലം കൃഷി സമഗ്ര വികസനം (ജനറൽ), കുരുമുളക് കൃഷി സമഗ്ര വികസനം (ജനറൽ) എന്നീ പദ്ധതികളിലൂടെ ജൈവവളം വിതരണം നടത്തുന്നതിന് യഥാക്രമം ₹238748/-, ₹210901/- ചെലവഴിച്ചിട്ടുണ്ട്. വേപ്പിൻപിണ്ണാക്ക് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിനോടൊപ്പം മൂന്നുമാസത്തിനുള്ളിൽ ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കുവാനും അതോടൊപ്പം സപ്ലൈ ചെയ്യുവാൻ ഉദ്ദേശിക്കുന്ന ജൈവവളത്തിന്റെ സാമ്പിൾ ഹാജരാക്കുന്നതിനും നിർദ്ദേശിക്കുന്നു. ടെണ്ടറിനോടൊപ്പം സാമ്പിൾ ഹാജരാക്കാത്ത ടെണ്ടർ പരിഗണിക്കേണ്ടതില്ലയെന്ന് കമ്മിറ്റി തീരുമാനം എടുക്കുന്ന അവസരങ്ങളും ഉണ്ടാകുന്നു. എന്നാൽ ഇപ്രകാരം ലഭിക്കുന്ന സാമ്പിൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. ലഭിച്ച സാമ്പിളുകൾ ലാബിൽ പരിശോധിച്ച് അവയിൽ അടങ്ങിയിരിക്കുന്ന നൈട്രജൻ, ഫോസ്ഫേറ്റ്, പോട്ടാസ്യം, എണ്ണ, ഈർപ്പം തുടങ്ങിയവയുടെ അളവിന്റെ അടിസ്ഥാനത്തിൽ വേപ്പിൻപിണ്ണാക്കിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതുണ്ട് എന്നിരിക്കെ അപ്രകാരമുള്ള പരിശോധന നടത്താതെ പ്രോക്യൂർമെന്റ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും ലഭിച്ച സാമ്പിളിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണ് ജൈവ വളത്തിന്റെ ഗുണനിലവാരം

ഉറപ്പാക്കുന്നത് എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് 16.09.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19-ന് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന അനാലിസിസ് റിപ്പോർട്ട് പരിശോധിക്കുകയാണ് ചെയ്യുന്നതെന്നും പഞ്ചായത്ത് ഭരണസമിതി ടെണ്ടർ നോട്ടീസിൽ സാമ്പിൾ ഹാജരാക്കണമെന്ന നിബന്ധന വച്ചതിനാലാണ് സാമ്പിൾ വാങ്ങിയതെന്നും വരും വർഷങ്ങളിൽ ലഭ്യമാക്കുന്ന സാമ്പിളുകൾ ലാബിൽ പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വിതരണം നടത്തുന്ന ജൈവവളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**<u>1-30 പി.എച്ച്.സി ഓഫീസിൽ ഇൻവെർട്ടർ സ്ഥാപിക്കൽ - അളവുബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള ഇൻവെർട്ടർ സ്ഥാപിച്ചിട്ടില്ല</u>**

| | |
|---|---|
| പ്രോജക്ട് നം. | 154/21 |
| പദ്ധതി അടങ്കൽ | ₹85000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | അലക്സ് സാമുവൽ |
| അളവുബുക്ക് | അളവുബുക്ക് നം.രേഖപ്പെടുത്തിയിട്ടില്ല |
| ബിൽ നം/തീയതി&തുക | 19100752010601284741/20.4.20<br>₹47000/- |

2019 ജൂൺ മാസത്തിലുണ്ടായ ഇടിമിന്നലിനെ തുടർന്ന് കേടായ ഇൻവെർട്ടർ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനും ഇലക്ട്രിക്കൽ മെയിന്റനൻസിനുമായി തയ്യാറാക്കിയ പദ്ധതിയാണിത്. അളവുബുക്ക് പേജ് 8 ഇനം 5a ആയി 3KW ഇൻവെർട്ടർ(ബാറ്ററി കൂടാതെ) പി.എച്ച്.സി ഓഫീസിൽ സ്ഥാപിച്ചതിന് കരാറുകാരന് ₹47000/- നൽകിയിട്ടുണ്ട്. ഇൻവെർട്ടർ വാങ്ങലുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിധ്യത്തിൽ പി.എച്ച്.സി ഓഫിസിൽ നടത്തിയ പരിശോധനയിൽ 1.76KW ഇൻവെർട്ടറാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇൻവെർട്ടർ ഇപ്പോൾ പ്രവർത്തനരഹിതമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അളവുബുക്കിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിലുള്ള ഇൻവെർട്ടർ സ്ഥാപിക്കാതെ ഏകദേശം ₹15000/- വില വരുന്ന ഇൻവെർട്ടർ സ്ഥാപിച്ചതിനും ഗ്യാരന്റി പീരിയഡ് അവസാനിക്കുന്നതിനു മുമ്പ് തന്നെ പ്രവർത്തനരഹിതമായ ഉപകരണം പ്രവർത്തന യോഗ്യമാക്കാത്തതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.18/16.09.21) വിശദീകരണം നൽകിയിട്ടില്ല. DTCE മെമ്പറായ ശ്രീ കെ ഉണ്ണികൃഷ്ണൻ നായരാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അളവുബുക്കിലെ രേഖപ്പെടുത്തലുകൾ ചെക്ക് മെഷർ ചെയ്തിട്ടുള്ളത് DLTCE മെമ്പറായ ശ്രീ കെ.എ .അബ്രാഹവുമാണ്. അളവുബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള ഇൻവെർട്ടർ സ്ഥാപിക്കാത്ത സാഹചര്യത്തിലും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും ₹47000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കുറഞ്ഞ പ്രവർത്തനശേഷിയുള്ള ഇൻവെർട്ടറിന് കൂടിയ നിരക്കിൽ തുക ചെലവഴിച്ചതുമൂലം അധികം ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിനും ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ഇൻവെർട്ടർ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>1-31 അലോപ്പതി മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല</u>**

2020-21 സാമ്പത്തിക വർഷത്തിൽ അലോപ്പതി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ മരുന്ന്

വാങ്ങുന്നതിന് ₹7,27,890/- കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്ടിന്റെ പേര് / നമ്പർ | ഫണ്ടിനം | ബില്ല് നമ്പർ/ തീയതി/ തുക | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ തുക | കെ.എം.എസ്.സി.എൽ ലഭ്യമാക്കിയ മരുന്നുകൾ (₹) | കെ.എം.എസ്.സി.എൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (₹) |
|---|---|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ (8/21) | പൊതു വിഭാഗം - സാധാരണ വിഹിതം അടങ്കൽ: ₹7,00,000 ചെലവ്: ₹660150 | 6/2020-21 തീയതി: 18.03.2021 ₹3,00,000 | ₹3,00,000 | ₹ 0 | ₹3,00,000 |
| 2 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ (9/21) | സംരക്ഷണ ഫണ്ട് - റോഡിതരം അടങ്കൽ: ₹4,00,000 ചെലവ്: ₹395,788 | 9/2020-21 തീയതി: 18.03.2021 ₹3,00,000 | ₹3,00,000 | ₹ 0 | ₹3,00,000 |
| 3 | ട്രൈബൽ ക്യാമ്പ് (28/21) | വികസന ഫണ്ട് - ടി.എസ്.പി ₹50,000 ചെലവ്: ₹49,970 | 5/2020-21 തീയതി: 19.02.2021 ₹27,890 | ₹27,890 | ₹ 0 | ₹27,890 |
| 4 | അത്യാവശ്യ മരുന്നുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകൽ (166/21) | സംരക്ഷണ ഫണ്ട് - റോഡിതരം അടങ്കൽ: ₹1,00,000 ചെലവ്: ₹1,00,000 | 11/2020-21 തീയതി: 18.03.2021 ₹37,077 12/2020-21 തീയതി: 18.03.2021 ₹62,923 | ₹1,00,000 | ₹ 0 | ₹1,00,000 |
| | | | | | ആകെ | ₹7,27,890.00 |

ലഭ്യമാക്കിയ പ്രോജക്ട് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാത്തതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച പദ്ധതികൾ ലക്ഷ്യം കൈവരിച്ചോ എന്ന വിവരം വ്യക്തമായില്ല. മരുന്ന് വാങ്ങുന്നതിന് ഭീമമായ സംഖ്യ (₹7,27,890) കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടും യഥാസമയം മരുന്ന് ലഭ്യമാകാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് മൂലം ചികിത്സക്ക് ശേഷം ജനങ്ങൾക്ക് മരുന്ന് ലഭ്യമാകാത്ത സാഹചര്യം ഉണ്ടാവുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

[മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി അലോപ്പതി മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 16/16.09.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.]

## 1-32 ഒ.ഡി.എഫ് - ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം | S0234/2021 |
| പദ്ധതി | ODF – വ്യക്തിഗത ടോയിലറ്റ് നിർമ്മാണം |
| അടങ്കൽ | 380000 |
| ചെലവ് | 251600 |

മേൽ പദ്ധതി പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിനായി മുൻകൂർ നൽകിയെങ്കിലും നാളിതുവരെയായും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക, |
|---|---|---|
| 1 | ലക്ഷ്മി ശെൽവം, ചെരുവിള, വാർഡ് - 5 | 12000 |
| 2 | വിമലാദേവി, പാറയ്ക്കൽ, വാർഡ് -6 | 6000 |
| 3 | ആരോഗ്യമേരി കരുണാനിധി, വാർഡ്-7 | 6000 |

₹15400/- ആണ് ഒരു ഗുണഭോക്താവിന് വകയിരുത്തിയ തുക. നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റുള്ളവരിൽ നിന്നും മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് 19 മഹാവ്യാധിയെ നേരിടുന്നതിന് ഗ്രാമ പഞ്ചായത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. 17.03.2020-ലെ കോർ കമ്മിറ്റി രൂപീകരണത്തോട്ടുകൂടിയാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. 31.03.2020-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി യേഗത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമായ വിലയിരുത്തലുകൾ നടത്തി. തുടർന്ന് 2020-21 സാമ്പത്തിക വർഷം 10 തവണ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തനതുഫണ്ടിൽ നിന്നും ₹1000000/- സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും RRT മെമ്പേഴ്സിനെ പ്രാഥമിക ആരോഗ്യ കേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. 17.03.2020, 06.05.2020 തീയതികളിലായി 65 യൂത്ത്

വോളണ്ടിയർമാർക്കും പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ഹെൽപ്പ് ഡസ്ക് രൂപീകരണം

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായും സെക്രട്ടറി കൺവീനറായും 08.04.2020-ൽ ഹെൽപ്പ് ഡസ്കും 03.05.2021-ൽ വാർ റൂമും രൂപീകരിച്ചു. ഹെൽപ്പ് ഡസ്ക്/വാർ റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക ചെലവുകളൊന്നുമുണ്ടായിട്ടില്ല.

2.CFLTC

ഗ്രാമപഞ്ചായത്തിൽ ഒരു CFLTC മാത്രമാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. CFLTC-യുടെ പ്രവർത്തനത്തിനായി ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായിട്ടുള്ള ₹500000/-യിൽ ₹459898/- വിനിയോഗിച്ചിട്ടുണ്ട്.

3. കമ്മ്യൂണിറ്റി കിച്ചൻ

കൈരളി കുടുംബശ്രീ യൂണിറ്റാണ് (ലേബർ കോളനി ശാന്തൻപാറ) കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ളത്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ₹1760/- ലഭിച്ചിട്ടുണ്ട്. സപ്ലൈക്കോയിൽ നിന്നും സബ്സിഡി നിരക്കിൽ 600kg ഉം സംഭാവനയായി 100kg അരിയും ലഭിച്ചിട്ടുണ്ട്. ₹10000/-യുടെ പാത്രങ്ങളുൾപ്പെടെ ₹33014/- കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്.

4. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനയുൾപ്പെടെ തൻവർഷം ₹2184537/- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പ്രധാന ചെലവിനങ്ങൾ താഴെ കൊടുക്കുന്നു.

| ചെലവിനം | തുക(₹) |
|---|---|
| ബോധവൽക്കരണ നോട്ടീസ് & ബാനർ | 87040/- |
| കമ്മ്യൂണിറ്റി കിച്ചൻ | 33014 |
| CFLTC | 459898 |
| മാസ്ക് & സാനിറ്റൈസർ | 160134 |
| വാഹനം-ഇന്ധന ചെലവ് | 308497 |

5. മറ്റ് വിവരങ്ങൾ

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗ ബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് ₹98508/- ചെലവഴിച്ചിട്ടുണ്ട്. കോവിഡ് 19 സംഭാവന ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ₹25100/- ലഭിച്ചിട്ടുണ്ട്. ശാന്തൻപാറ ഐ.ഡി.സി.ബി യിൽ പ്രത്യേക അക്കൗണ്ട് രൂപീകരിച്ച് പ്രസ്തുത തുക നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിലും ജനകീയാസൂത്രണ പദ്ധതിയിലും ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 4 ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ നിലവിലുണ്ട്.

## ഭാഗം -2

### 2-1 FSI പ്രകാരമുള്ള അധിക ഫീസ് ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് ₹8,09,200/-യുടെ നഷ്ടം

ശ്രീ. ജസ്റ്റിൻ റാഫേൽ (എം.ഡി ഇൻക്യൂർ ഹോട്ടൽസ് & റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ്) 29.11.2019-ന് ഹോട്ടൽ ബിൽഡിംഗ് കെട്ടിട നിർമാണ ആവശ്യത്തിന് അപേക്ഷിച്ചു. ഗ്രാമ പഞ്ചായത്ത് സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചതിനെ തുടർന്ന് 02.06.2020-ലെ 02/2020-21 നമ്പർ പ്രകാരം ഗ്രൂപ്പ് A2 ഇനത്തിൽ പെർമിറ്റ് അനുവദിച്ചു.

2019 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27, പട്ടിക 6 പ്രകാരം കാറ്റഗറി 2 പഞ്ചായത്തുകളിൽ A2 ഒക്യൂപ്പൻസിയിൽപ്പെട്ട കെട്ടിടങ്ങൾക്ക് അധിക ഫീസ് കൂടാതെ നിർമിക്കാവുന്ന Floor Space Index (F.S.I) 1.5 ആണ്. F.S.I മൂല്യം 1.5 അധികരിക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ പെർമിറ്റ് ഫീസിനോട് കൂടെ അധികമുള്ള വിസ്തീർണ്ണത്തിന്മേൽ പട്ടിക 6 പ്രകാരം അധിക ഫീസ് (₹5000/M2) ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഫീസ് ഈടാക്കാത്തത് മൂലം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് ₹8,09,200/- രൂപയുടെ നഷ്ടമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ ലഭിച്ച തീയതി | 29.11.2019 |
| ഉടമയുടെ പേര് | ശ്രീ. ജസ്റ്റിൻ റാഫേൽ<br>എം.ഡി ഇൻക്യൂർ ഹോട്ടൽസ് & റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ് |
| ഒക്യൂപ്പൻസി | : A2 (സ്പെഷ്യൽ റസിഡൻസ്) |
| പെർമിറ്റ് നമ്പർ / തീയതി | നം.02/2020-21 തീയതി 02.06.2020 |
| Built Up Area | 1536.74 M2<br>(Basement 125.99 M2, Ground Floor – 409.88 M2,<br>First Floor – 494.75, Second Floor 443.24 M2, Stair Room 62.88 M2) |
| പ്ലോട്ട് ഏരിയ | 916.6 M2 |
| F.S.I ഇനത്തിലെ അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന വിസ്തീർണം | 916.6 M2 X 1.5 = 1374.9 M2 |
| F.S.I ഇനത്തിലെ അധിക ഫീസ് ഈടാക്കേണ്ട വിസ്തീർണ്ണം | 161.84 M2 (1536.74 M2 - 1374.9 M2) |
| F.S.I ഇനത്തിൽ ഈടാക്കേണ്ട അധിക ഫീസ് (@5000/ M2) | ₹8,09,200 (161.84×5000) |
| ഈടാക്കേണ്ട ആകെ ഫീസ് (പെർമിറ്റ് ഫീ + അധിക ഫീസ്) | ₹824567 (₹8,09,200+₹15,367) |
| ആകെ ഫീസ് ഈടാക്കിയത് | പെർമിറ്റ് ഫീ 15367<br>(1536.74 M2 X 10)<br>രസീതി നം. 120040100101 തീയതി. 21.05.2020 |
| കുറവ് | ₹8,09,200.00 |

ഫ്ലോർ സ്പേസ് ഇൻഡക്സ് ഇനത്തിലെ അധിക ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ ₹8,09,200/-യുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

*[മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 17/16.09.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.]*

## <u>ഭാഗം -3</u>

### <u>3-1 കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റ പണി- കരാറുകാരന് അധികം തുക നൽകി</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| | |

| | |
|---|---|
| പ്രോജക്റ്റ് നം. | 172/21 |
| പദ്ധതി അടങ്കൽ | ₹1000000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ഇമ്മാനുവൽ ജോർജ്ജ് |
| അളവു ബുക്ക് | 84/19-20 |
| ബിൽ നം/തീയതി &തുക | 19100752010601558999/21.5.20;₹514392/-<br>20100752010600942381/20.1.21; ₹335859/- |

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പൂർത്തികരണ പ്രവൃത്തികൾ ₹720552/-യ്ക്ക് നടപ്പിലാക്കാമെന്ന വ്യവസ്ഥയിൽ ഏറ്റെടുത്തിട്ടുള്ളത് ശ്രീ ഇമ്മാനുവൽ ജോർജ്ജ് എന്ന കരാറുകാരനായിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ആകെ മൂല്യമായി നിർണ്ണയിച്ചിരിക്കുന്നത് ₹720552/-യാണ്. പ്രസ്തുത പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹720552/- |
| (+) 12% ജി.എസ്.ടി | ₹86466/- |
| മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിക്കാവുന്ന തുക | ₹807018/- |

മേൽ സൂചിത ബില്ലുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്ന തുക ₹850251/-(514392+335859) ആണ്. അന്തിമ ബില്ലിൽ നിന്നും ഒന്നാം പാർട്ട് ബിൽ തുകയായ ₹514392/- കിഴിവ് ചെയ്യുന്നതിനു പകരം ₹445361/- കിഴിവ് വരുത്തിയതു മൂലം ₹43233/- അധികം പിൻവലിച്ചിട്ടുണ്ട് (850251-807018). അധിക തുക പിൻവലിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/14.9.21) വിശദീകരണം നൽകിയിട്ടില്ല. അധികം പിൻവലിച്ച ₹43233/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-2 ഗ്രാമ പഞ്ചായത്ത് ഊട്ടുപുര വികസനം-ആകെ പ്രവൃത്തിമൂല്യം ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് അധികം തുക നൽകി**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്റ്റ് നം | 215/21 |
| പദ്ധതി അടങ്കൽ | ₹701600/-(₹689500-CFCഗ്രാന്റ്;₹12100-വി.ഫ ജനറൽ) |
| കരാറുകാരൻ | കലേഷ് കുമാർ പി.പി |
| എഗ്രിമെന്റ് നം. /തീയതി | AE/LSGD/SPRA/102/20-21 Dt. 28.01.2020 |
| എസ്റ്റിമേറ്റ് തുക | ₹594564/- |
| അളവു ബുക്ക് | 338/20-21 |
| ബിൽ നം/തീയതി&തുക | 20100752010601313239/23.3.21;₹688647/- |

ആകെ പ്രവൃത്തി മൂല്യം ക്വോട്ട് ചെയ്ത എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്താത്തതുമൂലം കരാറുകാരന് ₹22735/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരന് നൽകിയ തുക | | കരാറുകാരന് നൽകാവുന്ന തുക | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 625667 | ആകെ പ്രവൃത്തി മൂല്യം (ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്തിയത്) | 594564 |

| | | | |
|---|---|---|---|
| (+) 12% ജിഎസ്.ടി | 75080 | (+) 12% ജിഎസ്.ടി | 71348 |
| കരാറുകാരന് നൽകാനായി അന്തിമ ബിൽ പ്രകാരം അനുവദിച്ച തുക | 700747 | കരാറുകാരന് നൽകാനായി പിൻവലിക്കേണ്ടിയിരുന്ന തുക | 665912 |

അന്തിമ ബിൽ പ്രകാരം കരാറുകാരന് അനുവദിച്ച ₹700747/-യിൽ ₹688647/-യാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും വകയിരുത്തിയ ₹12100/- കരാറുകാരന് നൽകുന്നതിനായി 2021-22 വർഷം സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതു വരെയും തുക അനുവദിച്ച് നൽകിയിട്ടില്ല. കരാറുകാരന് ₹22735/- (688647-665912) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി 8/15.09.21) വിശദീകരണം നൽകിയിട്ടില്ല. ₹22735/- ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. 2021-22 വർഷം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും കരാറുകാരന് നൽകുന്നതിനായി വകയിരുത്തിയ ₹12100/- പിൻവലിക്കുന്നതിനുമുമ്പ് കരാറുകാരന് അനുവദനീയമായ തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

**3-3 പൂപ്പാറ പഞ്ചായത്ത് എൽ.പി സ്കൂൾ നിർമ്മാണം-ഓവർഹെഡ്ചാർജ്ജ് കുറവ് ചെയ്തില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം | 125/21 |
| പദ്ധതി അടങ്കൽ | ₹2500000/(വി.ഫ.&ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കൺവീനർ | ശ്രീ സതീശൻ |
| അളവു ബുക്ക് | 451/18-19;452/18-19;489/18-19&88/19-20 |
| എഗ്രിമെന്റ് നം./തീയതി | 85/AE/LSGD/SP/18-19 തീയതി. 19.01.2019 |
| ബിൽ നം/തീയതി&തുക | 18100752010601387484/15.3.19;₹882724/-<br>18100752010601561889/28.3.19;₹925740/-<br>19100752010601561889/27.8.19;₹303401/-<br>19100752010601637501/29.3.20;₹135276/-<br>20100752010600942304/14.1.21;₹251735/- |

55.88% കോസ്റ്റ് ഇൻഡക്സും ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടുത്തി ഡി.എസ്.ആർ 2016 ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ പദ്ധതിയാണിത്. ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും 5.5% ഓവർ ഹെഡ് ചാർജ്ജ് കിഴിവു വരുത്തി അന്തിമ ബിൽ തയ്യാറാക്കേണ്ടതായിരുന്നെങ്കിലും ഓവർ ഹെഡ് ചാർജ്ജിനത്തിലുള്ള കിഴിവു വരുത്താത്തതുമൂലം കൺവീനർക്ക് ₹137438/- അധികം നൽകിയിട്ടുണ്ട്.

| | |
|---|---|
| കൺവീനർക്ക്നൽകുന്നതിനായി പിൻവലിച്ച തുക | ₹2498876/- |
| കൺവീനർക്ക് നൽകാവുന്ന തുക | ₹2361438/-(ആകെ പ്രവൃത്തി മൂല്യമായ ₹2498876/-യിൽ നിന്നും 5.5% ഓവർഹെഡ് ചാർജ്ജായ ₹137438/-കിഴിവ് വരുത്തിയ തുക) |
| കൺവീനർക്ക് അധികം നൽകിയ തുക | ₹137438/- |

കൺവീനർക്ക് അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.9/15.09.21) മറുപടി നൽകിയിട്ടില്ല. ₹137438/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-4 കാലി വീപ്പയുടെ വില ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്തിൽ തൻവർഷം സംരക്ഷണ ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ച് അസി. എഞ്ചിനിയർ നടപ്പാക്കിയ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കാരാറുകാർക്ക് അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ തുക | കരാറുകാരൻ &അളവുബുക്ക് | പ്രവൃത്തിക്കു വേണ്ടി ഉപയോഗിച്ച ബിറ്റുമിൻ (ബാരൽ) | കാലി വീപ്പ ഒന്നിന് ₹280/- നിരക്കിൽ GST ഉൾപ്പെടെ ഈടാക്കേണ്ടിയിരുന്ന തുക | ബിൽ നം/ തീയതി&തുക |
|---|---|---|---|---|---|
| പൂപ്പാറ കോരമ്പാറ റോഡ് (62/21) | ₹800000/- | ഷാജി എം.എം 281/20-21 | 21(SS1-37.7kg; RS1-306kg; VG30-2972kg) | 4998 GST-₹900/ | 20100752010601166096/ 27.2.2021 ₹713969/- |
| മുള്ളൻതണ്ട് റോഡ് (205/21) | ₹500000/- | ജയിംസ് മാത്യു 3/20-21 | 16 (Ss1-474kg; RS1-213.06kg; VG30-1895.9kg) | 3808 GST-685/- | 20100752010600420795/ 13.8.20 ₹485184/- |
| തോട്ടിക്കാനം നെല്ലിക്കാതടം റോഡ് (208/21) | ₹1000000/- | ജയിംസ് മാത്യു 4&5/20-21 | 14(RS1-189.675kg VG30-2041kg) | 3332 GST-₹600/- | 20100752010600420797/ 13.8.20 ₹998257/- |
| തോട്ടിക്കാനം മുരിക്കുംതൊട്ടി റോഡ് (207/21) | ₹800000/- | ജയിംസ് മാത്യു 6/20-21 | 21(SS1-37.7kg; RS1-306kg; VG30-2972kg) | 4998 GST-₹900/ | 20100752010600332111/ 9.7.20 ₹781729/- |
| എസ്റ്റേറ്റ് പൂപ്പാറ മുള്ളൻതണ്ട് റോഡ് (152/21) | ₹1000000/- | ഷാജി എം.എം 285/20-21 | 28(SS1-383.7kg; RS1-327kg; VG30-3145.5kg) | 6664 GST-₹1200/ | 20100752010601166094/ 27.2.21 ₹998971/- |
| പാറഭാഗം പള്ളിക്കുന്ന് റോഡ് (206/21) | ₹1000000/- | ജയിംസ് മാത്യു | 40(SS1-382.5kg; RS1-522.77kg; VG30-5354kg) | 9520 GST-₹1714/ | 20100752010600942364/ 14.1.21 ₹999331/- |
| പുത്തടി പള്ളിക്കുന്ന് റോഡ്(66/21) | ₹1500000/- | കലേഷ് കുമാർ പി.പി | 40(SS1-510kg; RS1-537.2kg; VG30-5219kg) | 9520 GST-₹1714/- | 20100752010600942129/ 14.1.21 ₹149672/- |
| ആകെ | | | | ₹42840/- +GST-₹7713 | |

ടാറിംഗ് പ്രവൃത്തികളിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.15/16.09.21) മറുപടി നൽകിയിട്ടില്ല. കാലി വീപ്പയുടെ വിലയായ ₹42840/-യും ജി.എസ്.ടി തുകയായ ₹7713/-യും ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകത- നഷ്ടം ₹13969/-

| | |
|---|---|
| പ്രോജക്ട് | 133/21 (42/20) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹490000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് ബിൽ നം./ തീയതി/ തുക | 19100752010501597723/25.03.20/₹46320/-<br>20100752010500839198/18.12.20/ ₹249969/-<br>20100752010500129883/11.04.20/₹191850/-<br>ആകെ ₹488139/- |

2019-20 വർഷം ഏറ്റെടുത്തതും 2020-21 വർഷം നിർവ്വഹണം പൂർത്തീകരിച്ചതുമായ മേൽപദ്ധതിക്കായി 11.10.2019-ലെ ബി1-400/19 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം "സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അടങ്കൽ ₹499000/-" എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. ആവശ്യമുള്ള സാമഗ്രികളുടെ വിവരം ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ വ്യത്യസ്തമായ ഇനങ്ങൾ ഉൾപ്പെടെ നിരക്ക് രേഖപ്പെടുത്തുകയും അതിൽ 'കാരിയേലിൽ ഇലക്ട്രിക്കൽസ്' രാജാക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് ആവശ്യമായ സാമഗ്രികളുടെ അളവ് കണക്കാക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ താരതമ്യ പത്രിക തയ്യാറാക്കുകയോ ചെയ്യാതെയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. മാത്രമല്ല ടെണ്ടറിൽ ഉൾപ്പെടാതിരുന്ന താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | നിരക്ക് | GST 18% | അളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ELCB | 2457 | 442.26 | 8 | 23194.08 | Invoice No. 1312/ 22.03.2020 |
| 2 | BD Box | 350 | 63 | 8 | 3304 | Invoice No. 1312/ 22.03.2020 |
| 3 | Fuse Unit | 240 | 43.20 | 18 | 5097.60 | Invoice No. 1312/ 22.03.2020 |
| 4 | Timer | 1950 | 351 | 4 | 9204 | Invoice No. 1312/ 22.03.2020 |

കൂടാതെ താഴെ പറയുന്ന ഇനങ്ങൾ, അംഗീകരിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങിയതിനാൽ പഞ്ചായത്തിന് ₹13969/-യുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) | ഇൻവോയ്സ് പ്രകാരം നൽകിയ നിരക്ക് (ജി.എസ്.ടി. ഉൾപ്പെടെ) | വ്യത്യാസം (₹) | എണ്ണം/ അളവ് | അധികമായി നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | Switch | 56 | 64.90 | 8.90 | 170 | 1513 |
| 2 | LED Tubeset | 450 | 519.20 | 69.20 | 180 | 12456 |
| | ആകെ | | | | | 13969 |

മേൽ പദ്ധതി സംബന്ധിച്ച് പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് കളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മെയിന്റനൻസ് നടത്തിയ 13 വാർഡുകളിലെയും വിവരം ഒരു രജിസ്റ്ററിൽ എഴുതുന്നുണ്ടെങ്കിലും എത്ര സാമഗ്രികൾ ഉപയോഗിച്ചെന്നോ എത്ര പോസ്റ്റിൽ മെയിന്റനൻസ് നടത്തിയെന്നോ കണക്കാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചെയ്ത പ്രവൃത്തി സംബന്ധിച്ച് യാതൊരു താരതമ്യവും നടത്താതെ സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തിരിക്കുന്നത്. വാങ്ങിയ സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 15.09.2021-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12-ന് ലഭ്യമാക്കിയ മറുപടിയിൽ സ്ട്രീറ്റ് ലൈറ്റ് കേടാവുന്ന മുറയ്ക്ക് നന്നാക്കുന്നതിനാൽ മുൻകൂറായി ആവശ്യം തിട്ടപ്പെടുത്തുവാൻ സാധിക്കില്ലയെന്നും പഞ്ചായത്ത് സ്ട്രീറ്റ് മെയിൻ ഉള്ള ഭാഗങ്ങളിൽ ഇടിമിന്നലിൽ തകരാർ സംഭവിച്ചപ്പോഴാണ് അപ്രതീക്ഷിതമായി ടെണ്ടറിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങേണ്ടി വന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുപോലുള്ള കാരണങ്ങളാൽ മുൻവർഷവും അപ്രകാരം വാങ്ങൽ നടത്തിയിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കുമ്പോൾ സ്ട്രീറ്റ് ലൈറ്റിന് ആകെ ആവശ്യം വരാവുന്ന ഇനങ്ങളുടെ നിരക്ക് ടെണ്ടറിൽ

ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തെ നിശ്ചയിക്കുകയും തുടർന്ന് ആവശ്യം വരുന്ന ഇനങ്ങൾ അതാത് സമയം വാങ്ങി മെയിന്റനൻസ് നടത്താവുന്നതുമാണ്. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഒഴിവാക്കേണ്ടതാണ്. ടെണ്ടറിൽ അംഗീകരിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തിയത് സംബന്ധിച്ച കാര്യത്തിൽ യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ഇപ്രകാരം അധിക നിരക്ക് നൽകിയതുമൂലം ഉണ്ടായ നഷ്ടം ₹13969/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 116850 | 100/2019-20 വൃദ്ധർക്ക് കട്ടിൽ | 0 | 116850 |
| | 2020-21 | 296025 | 26/2020-21 പാലിന് സബ്സിഡി | 296025 | 0 |
| | 2018-19 | 400000 | ലൈഫ്-എസ്.ടി | 0 | 400000 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 34/2020-21 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |

വിനിയോഗിക്കാതെ അവശേഷിക്കുന്ന ഫണ്ടുകൾ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 4-3 നിക്ഷേപ പ്രവൃത്തികൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച ₹5140000/-യിൽ ₹4823920/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ) 229/2010/ തസ്വഭവ തി. 21.01.2010 | 17710261 | 2765102 | 1750000 | 816410 | 1015102 |
| ലൈഫ് ഭവന പദ്ധതി | | 34100000 | വർഷാരംഭത്തിലുണ്ടായിരുന്ന തുക- ₹27092353/- തൻവർഷ വായ്പ തുക-₹5140000/- | 2972352 | - | 29260001 |

| | | | | | | |
|---|---|---|---|---|---|---|
| | | | ആകെ തുക – ₹32232353/- | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 207373 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 207373 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 207373 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.1.193, നെടുങ്കണ്ടം | 31.03.2020 | 1 വർഷം | 207373 | സ്ഥിരനിക്ഷേപം 30.04.2021-ൽ പുതുക്കിയിട്ടുണ്ട്. |
| | | | **ആകെ** | **207373** | |

## 4-7 ഓഡിറ്റ് റിക്കവറി

2020-21 സാമ്പത്തിക വർഷം ഓഡിറ്റ് റിക്കവറിയായി ലഭിച്ച ₹48808/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|
| 2017-18 | 3-3 (1) | 48808 | ശ്രീ. പി.സി.ജോസ്, കോൺട്രാക്ടർ | 120040100146/ 28.05.2020 |
| **ആകെ** | | **48808** | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | - |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2015-16 | - |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 25 | P.A. Sathidas, Secretary, | LF.15634/ SC2/02 Dt.21.05.03 | 3211 | തുക അടവാക്കിയിട്ടില്ല | | | | | 3211 | |
| 2 | 1999-00 | 26 | P. D. Raveendran, Secretary | LF. 22159/03 Dt.24.7.04 | 26800 | തുക അടവാക്കിയിട്ടില്ല | | | | | 26800 | |
| 3 | 2001-02 | 2-6 | V. Jayaprakash | LF 14469/05 Dt.25.9.06 | 2288 | തുക ഈടാക്കിയിട്ടില്ല | | | | | 2288 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്കസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28, 32, 35, 41, | P.A. Sathidas, Secretary | LF 15634/ SP.Cell/ S.C2/02 Dt.21.5.03 | 7591 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 7591 | |
| 2 | 1998-99 | 39 | Varghese Samuel, Agri Officer | LF 15634/ SP.Cell/ S.C2/02 Dt.27.3.03 | 37430 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | CMA 118/03, Dist Court, Thodu Puzha To DD Dated 25.02.04 | | | | 37430 | |
| 3 | 1999-00 | 44 | P.D. Raveendran, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 4700 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 4700 | |
| 4 | 1999-00 | 46 | K. Vijayakumar, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 37000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 37000 | |
| 5 | 1999-00 | 43 | A.Saydu, Secretary | LF 22159/ SP.Cell/ S.C2/03 Dt.24.7.04 | 8000 | തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | | | | | 8000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹28792415 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹100332430 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹129124845 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹94210724 |
| നീക്കിയിരിപ്പ് | 34914121 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹809200 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹260215 |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2973933 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് ₹ | സർചാർജ്ജ് ₹ | |
| 2-1 | 8,09,200/- | | ശ്രീ ബാബു സുരേഷ് എ.വി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3-1 | | 43,233 | ശ്രീ അബ്ദു സമദ് പി.എസ്, അസി.എഞ്ചിനീയർ |
| 3-2 | | 22,735 | ശ്രീ അബ്ദു സമദ് പി.എസ്, അസി.എഞ്ചിനീയർ |
| 3-3 | | 1,37,438 | ശ്രീ അബ്ദു സമദ് പി.എസ്, അസി.എഞ്ചിനിയർ |
| 3-4 | | 42,840 | ശ്രീ അബ്ദു സമദ് പി.എസ്, അസി.എഞ്ചിനിയർ |
| 3-5 | | 13,969 | ശ്രീ. ബാബു സുരേഷ് എ.വി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| ആകെ | 8,09,200 | 2,60,215 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-21 | 2854021 | ശ്രീമതി ആൻസി മറിയം പോൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 72912 | ശ്രീ. അബ്ദു സമദ് പി.എസ്., അസി.എഞ്ചിനീയർ |
| 1-30 | 47000 | ശ്രീ. കെ. ഉണ്ണികൃഷ്ണൻ നായർ DLTCE മെമ്പർ |
| ആകെ | ₹2973933 | |

**(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | കേന്ദ്ര/സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പേരും |
|---|---|---|
| 3-4 | ₹7713 | ശ്രീ അബ്ദു സമദ് പി.എസ്, അസി.എഞ്ചിനീയർ |

**(ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അബ്ദു സമദ് പി.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനിയർ, നെടുംകണ്ടം ഗ്രാമ പഞ്ചായത്ത് | പെരുമ കുടിയിൽ(H), കുളപ്പറച്ചാൽ പി.ഒ, മുരിക്കുംതൊട്ടി, ഇടുക്കി ജില്ല |
| ശ്രീമതി ആൻസി മറിയം പോൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറെ അയ്യപ്പള്ളിയിൽ (H) |

| | | |
|---|---|---|
| | | മേക്കടമ്പ് പി.ഒ. കടാതി, മൂവാറ്റുപുഴ |
| ശ്രീ ബാബു സുരേഷ് എ.വി ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ലഭ്യമല്ല | എല്ലൂകുന്നേൽ വീട്, രാജാക്കാട് പി.ഒ, ഇടുക്കി |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

1961-62 മുതൽ 1997-98 വരെ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1961-62 | എൽ.എഫ്.ഐ-5/555/90/ 4.9.1990 | |
| 1966-67 | - ടി - | |
| 1969-70 | - ടി - | |
| 1970-71 | - ടി - | |
| 1972-73 | - ടി - | |
| 1973-74 | - ടി - | |
| 1974-75 | - ടി - | |
| 1975-76 | എൽ.എഫ്.ഐ-5/3101/പി3/-7/ 3.12.1977 | |
| 1976-77 | എൽ.എഫ്.ഐ-5/2565/പി3/-78 3.8.1979 | |
| 1977-78 | എൽ.എഫ്.ഐ-5/79/80 20.6.1980 | |
| 1978-79 | എൽ.എഫ്.ഐ-5/178/81 2.2.1981 | |
| 1979-80 | എൽ.എഫ്.ഐ-5/55/82 12.1.1982 | |
| 1980-81 | എൽ.എഫ്.ഐ-5/915/82 8.8.1983 | |
| 1981-82 | എൽ.എഫ്.ഐ-5/1105/83 5.4.1984 | |
| 1982-83 | എൽ.എഫ്.ഐ-5/85/87 3.3.1988 | |
| 1983-84 | എൽ.എഫ്.ഐ-5/859/88 7.6.1988 | |
| 1984-85 | എൽ.എഫ്.ഐ-5/384/88/15.6.1988 | |
| 1985-86 | എൽ.എഫ്.ഐ-5/890/90 11.12.1990 | |
| 1986-87 | എൽ.എഫ്.ഐ-5/915/90 12.10.1990 | |
| 1987-88 | എൽ.എഫ്.ഐ-5/415/91 6.6.1991 | |
| 1988-89<br>1989-90 | എൽ.എഫ്.ഐ-5/202/93 27.2.1993 | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-5/119/94 18.3.1994 | |

| | | |
|---|---|---|
| 1992-93 | എൽ.എഫ്.ഐ-5/291/94 27.8.1994 | |
| 1993-94<br>1994-95 | എൽ.എഫ്.ഐ-5/79/472/ 4.1.1997 | |
| 1996-97 | എൽ.എഫ്.ഐ-9/182/01 6.5.2001 | |
| 1997-98 | എൽ.എഫ്.ഐ-9/352/02 26.7.2002 | |

1998-99 മുതൽ 2017-18 വരെ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 9 | 25, 28, 32, 35, 39, 41 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 5 | 26, 43, 44, 46, 49, 50, 51, 52, 53 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 37 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 2-6 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 3-4 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ. 14/1762/ 30.01.18 | 1 | 3-5 |
| 2006-07 | എൽ.എഫ്.ഐ-14/1044/2010 26.05.2011/04.08.2011 | 12 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | എൽ.എഫ്.ഐ-14/1159/ 11/07.03.12 | 9 | 1(1),2-1,2-2, 2-3, 2-4, 3-1, 3-2, 3-3, 3-4 |
| 2008-09 | നം.എൽ.എഫ്.ഐ-14/ 1159/11/31.12.2012 | 13 | 1(1),1(2),1-3,2-2, 2-3, 2-4, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10 |
| 2009-10 | നം.എൽ.എഫ്.ഐ.14/ 655/12/06.06.14 | 16 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2010-11<br>2011-12 | എൽ.എഫ്.ഐ-14/623/13 01.04.2015 | 15 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10,3-11 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ.14/1384/15/ 09.05.2016 | 7 | 2-1, 2-2, 3-1, 3-2, 3-3, 3-5,3-8 |
| 2013-14 & 2014-15 | കെ.എസ്.എ/ ഐ.ഡി.കെ-14/1600/18/06.04.18 | 18 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2015-16 | കെ.എസ്.എ/ ഐ.ഡി.കെ-14/415/2017/18.04.2017 | 9 | 2-1, 2-2, 2-3, 3-1, 3-3, 3-4, 3-5,3-6, 3-7 |
| 2016-17 | കെ.എസ്.എ/ ഐ.ഡി.കെ-14/16/2018/03.04.2018 | 9 | 2-2, 2-3, 3-1, 3-5, 3-6, 3-7,3-8, 3-10, 3-11 |
| 2017-18 | കെ.എസ്.എ/ ഐ.ഡി.കെ-14/982/2018 24.09.2018/12.11.2018 | 9 | 1-1 മുതൽ 1-12 വരെ, 2-1 മുതൽ 2-2 വരെ, 3-1 മുതൽ 3-5 വരെ, 4-1 മുതൽ 4-10 വരെ |
| 2018-19 | കെ.എസ്.എ/ ഐ.ഡി.കെ-14/615/19 തീയതി.30.08.2019/20.09.2019 | 15 | 1-12 , 1-13, 2-2, 3-1, 3-5 മുതൽ 3-15 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ശാന്തൻപാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്